# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെമ്മനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ -കെ.എസ്.ഡി 6/764/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 10/11/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്മനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ -കെ.എസ്.ഡി 6/764/2023 തീയ്യതി: 10/11/2023

## കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-09-2023 | 03-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-09-2023 | 03-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിനോദ് കുമാർ. വി, ഓഡിറ്റ് ഓഫീസർ

ശ്രീ. കുഞ്ഞിക്കൃഷ്ണൻ. കെ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. സുനിൽ കുമാർ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ജനാർദ്ദനൻ. സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സുധീഷ് എൻ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുഫൈജ അബൂബക്കർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| എം.സുരേന്ദ്രൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രദീഷ്.എം.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീനാഥ് എസ്.പി | എ.ഇ (കരാർ) | 01-04-2022 | 17-05-2022 |
| സുമിഷ.കെ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 18-05-2022 | 01-08-2022 |
| ഹന്നത്ത് | അസിസ്റ്റന്റ് എഞ്ചിനിയർ | 02-08-2022 | 31-03-2023 |
| ശ്രീജ.സി | വി.ഇ.ഒ (ചെമ്മനാട്) | 01-04-2022 | 31-03-2023 |
| രാജേന്ദ്രൻ.എ.കെ | വി.ഇ.ഒ (തെക്കിൽ) | 01-04-2022 | 31-03-2023 |
| ഡോ.വിനീത്.എ.എസ് | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ.കായിഞ്ഞി.സി.എം | മെഡിക്കൽഓഫീസർ അലോപ്പതി | 01-04-2022 | 31-03-2023 |
| ഡോ.ഫാത്തിമ യാസ്മിൻ | മെഡിക്കൽഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |
| കെ.സുകുമാരൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| സുരേന്ദ്രൻ.കെ | പ്രധാനധ്യാപകൻ | 01-04-2022 | 31-03-2023 |
| അനിൽകുമാർ.എ.ജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| പി.ദിനേഷ് | കൃഷി ഓഫീസർ | 01-04-2022 | 27-07-2022 |
| ഷാജു | കൃഷി ഓഫീസർ | 28-07-2022 | 05-08-2022 |
| വേണുഗോപാൽ | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ബിൻസി.കെ.പി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | PDE എൻട്രി നടത്തുമ്പോൾ ബാങ്ക് ബാലൻസ് തുക 10 രൂപ അധികം രേഖപ്പെടുത്തി- വാർഷിക കണക്കിൽ മുന്നിരിപ്പിലും നീക്കിയിരിപ്പിലും നിലവിലില്ലാത്ത ബാങ്ക് ബാലൻസ് പ്രതിഫലിക്കുന്നു. | 1-1-1 |
| 3 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | Excess Of Income Over Expenditure ക്യാരി ഓവർ ചെയ്തതിൽ പിശക് | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റ് | 1-1-5 |
| 7 | ഡെപ്പോസിറ്റ്,അഡ്വാൻസ് രജിസ്റ്ററുകൾ കാലികമല്ല. | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-7 |
| 9 | ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ അപാകങ്ങൾ | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം. | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ | 1-10 |
| 19 | രശീതി പരിശോധന – അപാകതകൾ. | 1-11 |
| 20 | രശീതി ബുക്കിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചില്ല . | 1-12 |
| 21 | ഇ ടെണ്ടർ ബിഡ് സമർപ്പണ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. | 1-13 |
| 22 | തനത് ഫണ്ട് അക്കൗണ്ട്-ഉയർന്ന പലിശ നിരക്ക് ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. | 1-14 |
| 23 | വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 1-15 |
| 24 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-16 |

| | | |
|---|---|---|
| 25 | കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ- ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-17 |
| 26 | മരാമത്ത് പ്രവൃത്തികളിൽ ഗുണനിലവാര പരിശോധനകൾ നടത്തിയിട്ടില്ല | 1-18 |
| 27 | മരാമത്ത് പ്രവൃത്തികളുടെ ചെലവ് പരിശോധന- ചെയിനേജ് നിബന്ധനകൾ മറി കടന്നുള്ള റോഡ് പ്രവൃത്തികൾ സംബന്ധിച്ച്. | 1-19 |
| 28 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ. | 1-20 |
| 29 | ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു. | 1-21 |
| 30 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല. | 1-22 |
| 31 | കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ചാർജ്ജ് -ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചത് -അപാകത. | 1-23 |
| 32 | ഐ കെ എം വഴി ഓൺലൈനായി അടവാക്കിയ നികുതി തുക- പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറ്റം ചെയ്തിട്ടില്ല. | 1-24 |
| 33 | സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ഒരു സാമ്പത്തിക വർഷത്തിൽ രണ്ട് തവണ ആർജിതാവധി സറണ്ടർ ചെയ്തു. | 1-25 |
| 34 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-26 |
| 35 | എം.സി.എഫിൽ നിന്നുള്ള അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ പദ്ധതിയിലെ അപാകത | 1-27 |
| 36 | തെരുവ് വിളക്കിന്റെ വൈദ്യുതി ബിൽ - കുടിശ്ശിക അടവാക്കിയതിന്റെ കാരണം വ്യക്തമാക്കിയില്ല. | 1-28 |
| 37 | തെരുവ് വിളക്കിന്റെ വൈദ്യുതി ബില്ലുകൾ ലഭ്യമാക്കിയിലല്‍. | 1-29 |
| 38 | മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-30 |
| 39 | പോഷകവാടി പദ്ധതി സംബന്ധിച്ച് അപാകതകൾ | 1-31 |
| 40 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-32 |
| 41 | പോത്തുകുട്ടി വിതരണം നിർവ്വഹണത്തിലെ അപാകതകൾ | 1-33 |
| 42 | ടിബി രോഗികൾക്ക് പോഷകാഹാരം-അപാകത | 1-34 |
| 43 | പെണ്ണാട് വിതരണം (വനിത)- അപാകതകൾ. | 1-35 |
| 44 | ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-36 |
| 45 | ഓഡിറ്റ് ഇംപാക്ട്- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക- അധികമായി നല്കിയ തുക സർക്കാരിലേക്ക് അടവാക്കി | 1-37 |
| 46 | സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല | 1-38 |

| | | |
|---|---|---|
| 47 | പദ്ധതികളുടെ മോണിറ്ററിംഗിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. | 1-39 |
| 48 | വാർഷിക ധനകാര്യ പത്രിക- ആവശ്യമുള്ള തുടർ നടപടികൾ | 1-40 |
| ഭാഗം **2** | | |
| 1 | എം.സി.എഫിൽ നിന്നുള്ള അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ - കരാർ പ്രകാരമുള്ള തുക വരവായി ലഭിച്ചില്ല. | 2-1 |
| ഭാഗം **3** | | |
| 1 | എം.സി.എഫിൽ നിന്നുള്ള അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികച്ചെലവും മറ്റ് അപാകതകളും | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13/07/2023 ലെ 14(1) കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 27.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
10.11.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 PDE എൻട്രി നടത്തുമ്പോൾ ബാങ്ക് ബാലൻസ് തുക 10 രൂപ അധികം രേഖപ്പെടുത്തി- വാർഷിക കണക്കിൽ മുന്നിരിപ്പിലും നീക്കിയിരിപ്പിലും നിലവിലില്ലാത്ത ബാങ്ക് ബാലൻസ് പ്രതിഫലിക്കുന്നു.

2022-23 വർഷം മുതലാണ് പഞ്ചായത്തിൽ ILGMS നിലവിൽ വന്നത്. അതിനു മുന്നോടിയായി ILGMS ലെ PDE സൗകര്യം ഉപയോഗിച്ച് 31.03.2022 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളും ബാദ്ധ്യതകളും 01.04.2022 ലെ മുന്നിരിപ്പായി ILGMS ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം രേഖപ്പെടുത്തുമ്പോൾ വിവിധ ദേശസാത്കൃത ബാങ്കുകളിലെ നീക്കിയിരിപ്പ് 10 രൂപ അധികമായാണ് 01.04.2022 ലെ മുന്നിരിപ്പായി ILGMS ൽ രേഖപ്പെടുത്തിയത്. 31.03.2022 ലെ വിവിധ ദേശസാത്കൃത ബാങ്കുകളിലെ നീക്കിയിരിപ്പ് 3,69,65,769 രൂപയാണ്. എന്നാൽ PDE എൻട്രി വഴി 450210101- Nationalised Bank Account Of Ownfund Revenue എന്ന കണക്കിൽ 3,69,65,779 രൂപയാണ് ചേർത്തിട്ടുള്ളത്. ഇതു മൂലം റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ടിൽ RP 40 (A) ഷെഡ്യൂളിൽ Nationalised Bank Account Of Ownfund Revenue എന്ന പേരിൽ 10 രൂപ മുന്നിരിപ്പുള്ള ഒരു അക്കൗണ്ട് കൂടി ഉൾപ്പെട്ടിട്ടുണ്ട്. റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ടിൽ RP 40 (B) ഷെഡ്യൂൾ പ്രകാരം 31.03.2023 ന് ഈ അക്കൗണ്ടിൽ 21,927 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഇത് നിലവിലില്ലാത്ത അക്കൗണ്ട് ആണ്.

1-1-2 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്കുള്ള വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ തൊഴിലാളികളുടെയും സപ്ലൈയർമാരുടെയും അക്കൗണ്ടുകളിലേക്ക് FTO വഴി നേരിട്ട് വിതരണം നടത്തിയ തുക ചെലവായി രേഖപ്പെടുത്തിയിട്ടില്ല. വർഷാവസാനം ജേണൽ എൻട്രി വഴി രേഖപ്പെടുത്തേണ്ട ഈ ചെലവ് രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകൾ പൂർണമെന്ന് കരുതാനാവില്ല.

1-1-3 Excess Of Income Over Expenditure ക്യാരി ഓവർ ചെയ്തതിൽ പിശക്

ഷെഡ്യൂൾ B1-Panchayat Fund General- ഈ ഷെഡ്യൂളിൽ Excess Of Income Over Expenditure എന്ന കണക്കിൽ 1,21,167,958.20 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം 31.03.2023 ലെ ഗ്രോസ് സർപ്ലസ് (Income Over Expenditure After Prior Period Items) 43,77,908 രൂപ മാത്രമാണ്.

1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റ്

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activities ആയി രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-6 ഡെപ്പോസിറ്റ്,അഡ്വാൻസ് രജിസ്റ്ററുകൾ കാലികമല്ല.

ഷെഡ്യൂൾ B7- Deposits Received- നീക്കിയിരിപ്പ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഷെഡ്യൂൾ B18- Loans And Deposits- നീക്കിയിരിപ്പ് തുകകൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ

മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-8 ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ അപാകങ്ങൾ

പഞ്ചായത്തിൽ ഗുണഭോക്തൃ വിഹിതം അടക്കേണ്ടിയിരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | വകയിരുത്തിയ ഗുണഭോക്തൃ വിഹിതം | ചെലവഴിച്ച ഗുണഭോക്തൃ വിഹിതം |
|---|---|---|---|
| 137 | റിംഗ് കമ്പോസ്റ്റ് | 2,50,000 | 2,42,500 |
| 308 | വിയറ്റ്നാം പ്ലാവിൻ തൈ | 50,160 | 50,160 |
| 318 | കട്ട വള്ളങ്ങൾക്ക് ഗിൽ നെറ്റ് | 40,000 | 5,000 |
| 332 | മത്സ്യ വിൽപ്പനക്കാർക്ക് ഐസ് പെട്ടി | 33,250 | 1,750 |
| 399 | സൗര റാന്തലുകളുടെ കിറ്റ് | 29,648 | 29,648 |
| | | | 3,29,058 |

മേൽ പ്രോജക്ടുകളിൽ 318, 332 എന്നീ പ്രോജക്ടുകളിലെ ചെലവ് തുക മാത്രമേ 160102601-beneficairy Contributions എന്ന വരുമാനക്കണക്കിൽ ചേർത്തിട്ടുള്ളൂ. 137, 308, 399 എന്നീ പ്രോജക്ടുകളുടെ ചെലവുകൾ 160102601-beneficiary Contributions എന്ന വരുമാനക്കണക്കിലോ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന്റെ കണക്കിലോ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 01/22, Dated. 17/02/2022 | 01/23, Dated. 16/03/2023 |
| മുന്നിരിപ്പ് | 5,60,11,970 | 11,84,95,342 |
| വരവ് | 34,49,29,000 | 39,34,62,391 |
| ആകെ | 40,09,40,970 | 51,19,57,733 |
| ചെലവ് | 37,63,93,000 | 46,56,42,551 |
| നീക്കിയിരിപ്പ് | 2,45,47,970 | 4,63,15,182 |

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ,

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 10,05,98,108 |
| വരവ് | 12,89,02,878 |
| ആകെ | 22,95,00,986 |

| | |
|---|---|
| ചെലവ് | 12,47,71,193 |
| നീക്കിയിരിപ്പ് | 10,47,29,793 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹31,092 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹4,59,872 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹98,48,640 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 4,93,83,610 | 4,93,83,610 | 4,38,49,958 | 55,33,652 |
| വികസനഫണ്ട് എസ്.സി.പി. | 0 | 37,78,000 | 37,78,000 | 37,78,000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 1,15,44,000 | 1,15,44,000 | 82,45,021 | 32,98,979 |
| മെയിന്റനൻസ് ഫണ്ട്- നോൺറോഡ് | 0 | 1,02,75,000 | 1,02,75,000 | 62,79,924 | 39,95,076 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied) | 43,52,163 | 87,79,154 | 1,31,31,317 | 98,20,415 | 33,10,902 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied ) | 82,94,455 | 1,28,33,075 | 2,11,27,530 | 89,57,015 | 1,21,70,515 |
| വിവിധ പെൻഷനുകൾ | 0 | 7,72,06,600 | 7,72,06,600 | 7,72,06,600 | 0 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 5,40,000 | 5,40,000 | 5,40,000 | 0 |
| നെൽ കർഷകർക്കുള്ള ഉത്പാദന ഇൻസെന്റീവ് | 0 | 50,000 | 50,000 | 50,000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 9,81,937 | 3518670 | 45,00,607 | 3518670 | 9,81,937 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 1,15,035 | 9,22,000 | 10,37,035 | 9,22,000 | 1,15,035 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 2,402 | 29,80,546 | 29,82,948 | 10,33,142 | 19,49,806 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 17,00,085 | 50,43,618 | 67,43,703 | 29,34,810 | 38,08,893 |
| ടോട്ടൽ സാനിറ്റേഷൻ | 37,49,617 | 0 | 37,49,617 | 33,97,000 | 3,52,617 |
| 320100202 ഹെൽത്ത് ഗ്രാന്റ് | 0 | 3,63,442 | 3,63,442 | 3,49,591 | 13,851 |
| 320100204 ഹെൽത്ത് ഗ്രാന്റ് | 0 | 2,23,140 | 2,23,140 | 2,17,000 | 6,140 |
| നാഷണൽ ഹെൽത്ത് മിഷൻ | 0 | 7,06,288 | 7,06,288 | 2,56,288 | 4,50,000 |
| NPRPD | 4,50,000 | 0 | 4,50,000 | 0 | 4,50,000 |
| പൈക്ക | 1,68,963 | 4,609 | 1,73,572 | 0 | 1,73,572 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ലൈഫ് പദ്ധതി വായ്പ | 2,11,08,274 | 0 | 2,11,08,274 | 57,56,381 | 1,53,51,893 |
| ബഡ്സ് സ്കൂൾ ധനസഹായം | 11,78,215 | 0 | 11,78,215 | 2,24,696 | 9,53,519 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 48,13,537 | 0 | 48,13,537 | 26,24,750 | 21,88,787 |
| മറ്റുള്ളവ | | | | | |
| ഗുണഭോക്തൃ വിഹിതം | 6,34,741 | 12,36,849 | 18,71,590 | 10,27,974 | 8,43,616 |
| മണൽ വിൽപ്പനയിൽ നിന്നുള്ള വരവ്, അതിൽ നിന്നുള്ള ചെലവ്* | 80,550 | 93,33,940 | 94,14,490 | 51,59,070 | 42,55,420 |

കുറിപ്പുകൾ -

1) വികസനഫണ്ട്-ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 39,01,919/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 6,01,272/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവു വന്ന പലിശ 5,07,176 രൂപ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

4) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 2,74,05,000 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. സർക്കാർ റിസംപ്ഷൻ നടത്തിയ വകയിൽ ജനറൽ പർപ്പസ് ട്രഷറി അക്കൗണ്ടിലേക്ക് 3,66,43,685 രൂപ തിരികെ ലഭിക്കാനുണ്ട്. ഈ അക്കൗണ്ടിലെ തൻവർഷ നീക്കിയിരിപ്പ് (-) 47,24,818 രൂപയാണ്.

5) സർക്കാർ ജോയിന്റ് വെഞ്ചർ പദ്ധതികളുടെ ട്രഷറി അക്കൗണ്ടിൽ നിന്നും റിസംപ്ഷൻ നടത്തിയ വകയിൽ 25,67,149 രൂപ തിരികെ ലഭിക്കാനുണ്ട്.

6) മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വേതനമിനത്തിലും സാധന സാമഗ്രികളുടെ വിലയിനത്തിലും നേരിട്ട് നൽകിയ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ കണക്കിൽ തൻവർഷം 4,71,43,209 രൂപ ചെലവുണ്ട്.

7) *പഞ്ചായത്ത് പ്രദേശത്തെ കടവുകളിൽ നിന്നുള്ള മണൽ വിൽപ്പനയുടെ ഭാഗമായി മണൽ വാരൽ തൊഴിലാളികളുടെ കൂലിയിനത്തിലുള്ള തുകയും, വിൽപ്പന തുകയിൽ നിന്നും പഞ്ചായത്തിനുള്ള വിഹിതവും പോർട്ട് ഓഫീസിൽ നിന്നും പഞ്ചായത്തിന് ലഭിച്ചു വരുന്നു. ഈ വരവിന്റെ വിശദാംശങ്ങളും അതിൽ നിന്നും 2022-23 വർഷം മണൽ വാരൽ തൊഴിലാളികൾക്ക് നൽകിയ കൂലിയിനത്തിലെ ചെലവുമാണ് മേൽ പട്ടികയിൽ “മണൽ വിൽപ്പനയിൽ നിന്നുള്ള വരവ്, അതിൽ നിന്നുള്ള ചെലവ്” എന്ന കണക്കിൽ പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 378 | 26,77,27,527 | 235 | 12,03,47,664 | -- | 143 | 62 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 76 | 6,12,13,392 | 49 | 2,30,27,336 | 37.6% |

| | | | | | | |
|---|---|---|---|---|---|---|
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 26,22,315 | 10 | 13,26,334 | 50.6% |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 186 | 7,03,90,940 | 93 | 3,17,03,856 | 45.0% |
| 4 | കൃഷി ഓഫീസർ | 9 | 70,42,609 | 9 | 68,23,002 | 96.9% |
| 5 | വെറ്ററിനറി സർജ്ജൻ | 10 | 81,36,864 | 9 | 43,19,903 | 53.1% |
| 6 | വി.ഇ.ഒ-1 | 14 | 3,18,46,805 | 14 | 1,02,36,644 | 32.1% |
| | വി.ഇ.ഒ-2 | 12 | 4,79,46,100 | 7 | 1,21,75,783 | 25.4% |
| 7 | ICDS സൂപ്പർവൈസർ | 18 | 1,78,58,605 | 14 | 1,39,83,838 | 78.0% |
| 8 | പ്രധാനാധ്യാപകൻ | 14 | 75,25,000 | 7 | 58,28,692 | 77.5% |
| 9 | MO-ആയുർവ്വേദം | 4 | 14,00,000 | 4 | 14,00,000 | 100% |
| 10 | MO-എഫ്.എച്ച്.സി | 14 | 77,81,728 | 14 | 77,55,729 | 99% |
| 11 | ഡയറി ഫാം ഇൻസ്ടക്ടർ | 1 | 14,00,000 | 1 | 13,41,088 | 95.8% |
| 12 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 25,63,169 | 4 | 4,25,459 | 16.6% |
| | ആകെ | 378 | 26,77,27,527 | 235 | 12,03,47,664 | 45% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 2,402 | 29,80,546 | 29,82,948 | 10,33,142 | 19,49,806 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 4,71,43,209 | 4,71,43,209 | 4,71,43,209 | |
| ആകെ | 2,402 | 5,01,23,755 | 5,01,26,157 | 4,81,76,351 | 19,49,806 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 1434 പദ്ധതികളുൾപ്പെടുന്ന 43.5 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 240 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 129658 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 831കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 22,97,200 | 244 |
| വിധവാപെൻഷൻ | 2,63,04,800 | 2588 |
| വാർദ്ധക്യകാലപെൻഷൻ | 3,74,54,800 | 4229 |
| വികലാംഗപെൻഷൻ | 1,03,80,000 | 1079 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 7,69,800 | 75 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 5,40,000 | 18 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2023 തീയ്യതിയിൽ 1.30 P.M. ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 31,100/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്ത് കമ്മിറ്റിയുടെ പ്രവർത്തനം.

പഞ്ചായത്ത് കമ്മിറ്റി 2022-23 ൽ 27 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളുടെ മിനുട്ടസുകൾ സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. 2022-23 വർഷത്തിലെ 3 യോഗങ്ങളുടെ (27.10.2022, 14.02.2023, 23.02.2023) മിനുട്ട്സുകൾ ഓഡിറ്റ് തിയതി വരെ പൂർത്തിയാക്കിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ യോഗങ്ങളുടെ മിനുട്ട്സുകൾ പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി അയക്കുന്നതിൽ ചിലപ്പോഴൊക്കെ വലിയ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുകയുണ്ടായി. ഉദാഹരണത്തിന് 29.09.2022 ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി സെക്രട്ടറി അയച്ചിട്ടുള്ളത് 16.01.2023 ന് മാത്രമാണ്. പ്രസിഡണ്ട് മിനുട്ട്സ് അംഗീകരിച്ചത് 12.05.2023നാണ്. 21.11.2022, 20.12.2022 എന്നീ തിയതികളിലെ മീറ്റിംഗുകളുടെ മിനുട്ട്സ് അംഗീകാരത്തിനായി അയച്ചത് 04.07.2023 തിയതിയിലും പ്രസിഡണ്ട് അംഗീകരിച്ചത് 25.07.2023 നും മാത്രമാണ്. ഇത്തരത്തിൽ മിനുട്ട്സുകൾ തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലുമുള്ള കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. യോഗങ്ങളുടെ പിറ്റേ ദിവസം തന്നെ മിനുട്ട്സുകൾ പൂർത്തിയാക്കി അധ്യക്ഷന്റെ അംഗീകാരം നേടേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച അവലോകനങ്ങൾ തുടർ യോഗങ്ങളിൽ നടത്തിയതായി മിനുട്ട്സുകളിൽ കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

കണക്ക് രേഖപ്പെടുത്തൽ, രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്

അക്കൗണ്ടിംഗ് ചട്ടങ്ങൾ/പഞ്ചായത്ത് രാജ് അനുബന്ധ നിയമങ്ങൾ എന്നിവ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ സൂക്ഷ്മപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1-1 മുതൽ 1-1-5 വരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നിരീക്ഷണങ്ങളിന്മേൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. എന്നിരുന്നാലും അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ അപാകതകൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1-6, 1-1-7

എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നിരീക്ഷണങ്ങളിന്മേൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

ഓഡിറ്റിന്റെ ഭാഗമായി ക്യാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഇടം പിടിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ, നിലവിലില്ലാത്ത ഒരു ബാങ്ക് അക്കൗണ്ട് ( മുന്നിരിപ്പും നീക്കിയിരിപ്പും ഉള്ളത്) ഉൾപ്പെട്ടിട്ടുണ്ട്. അതു സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡിക 1-1-1 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പ്രധാന അക്രൂവൽ ഇനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ പ്രതിമാസ ഡിമാന്റ് സമ്മറി തയ്യാറാക്കുകയും അതനുസരിച്ച് ഡിമാന്റ് ക്രമീകരണങ്ങൾ നടത്തുകയും ചെയ്തിട്ടില്ല.

ഓരോ വരവിനത്തിലുമുള്ള DCB കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. എന്നിരുന്നാലും വിവിധ വരവിനങ്ങൾ സംബന്ധിച്ച് ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളിൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1.സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2.സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

2023 ലെ വസ്തുനികുതി പരിഷ്കരണം - പ്രധാന നിർദ്ദേശങ്ങൾ

| നിർദ്ദേശം | ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ നിർദ്ദേശം |
|---|---|

| | |
|---|---|
| | നടപ്പാക്കിയതിന്റെ വിവരം |
| വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ<br>എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണ്. | എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്. |
| കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ<br>മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് വിവരം ഫോറം 9ബി പ്രകാരം അറിയിക്കാവുന്നതാണ്.സമയപരിധി - 15-05-2023 | ഫോറം 9B യിൽ നാളിതുവരെ 172 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്. |
| കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന<br>ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. | ഫീൽഡ്പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാ വുന്നതുമാണ്. | വിവരശേഖരണം നടത്തുന്നതിനായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നാൾ ഇതുവരെ നിയമിച്ചിട്ടില്ല. |
| വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം | 5% വർദ്ധനവ് വരുത്തിയതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാനവിവരം ശേഖരി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തുനികുതി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടി കളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.<br>ഉത്തരവുകൾ കണക്കിലെടുത്ത് 14/06/2023 തീയതിയിലെ എസ് സി1-7947/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>പൊതുജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 27.07.2023 തിയതിയിൽ എസ് സി1-7947/2023 നം പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് വില്ലേജ് ഓഫീസ്, കൃഷി ഓഫീസ് എന്നിവിടങ്ങളിലും പത്രത്തിലും വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള |

| | |
|---|---|
| | നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. |
| വസ്തുനികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും<br>പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. | മേഖലകൾ-<br>നിലവിലെ മേഖലാ വിഭജനം തന്നെ തുടരുകയാണ് ചെയ്തിട്ടുള്ളത്. |

വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ) നം.36/2015/തസ്വഭവ തിയതി 24-02-2015), സ.ഉ(അ)നം.53/2020 /തസ്വഭവ തിയതി 8-9-2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയ (വസ്തു നികുതി) യിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കൽ

ILGMS ൽ ക്യാൻസൽ ചെയ്ത ഏതാനും രസീതികളിലെ തുകകൾ സഞ്ചയയിലെ ഡാറ്റയുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

*വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

*ഭരണസമിതി അംഗീകരിച്ച് അന്തിമമാക്കിയ വസ്തുനികുതിയുടെ പുതുക്കിയ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

*അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

*ഓൺലൈൻ ആയി ഒടുക്കുന്ന വസ്തുനികുതി അക്കൗണ്ടിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-11 രശീതി പരിശോധന – അപാകതകൾ.

രശീതി പരിശോധനയുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) കലക്ഷൻ രജിസ്റ്ററിൽ പരിശോധന നടത്തിയതായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും നികുതി തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നില്ല.

A) ബിൽ കലക്ടർമാരുടെ കലക്ഷൻ രജിസ്റ്ററിൽ പരിശോധന നടത്തിയതായി മേലുദ്യോഗസ്ഥർ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പിരിച്ചെടുത്ത നികുതി തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| രശീതി ബുക്ക് നമ്പർ & തീയ്യതി | പിരിച്ചെടുത്ത നികുതി | തുക അടവാക്കിയതിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|
| 13203/78-100 തീയ്യതി.20.12.2022 & | 12,133/- | രശീതി നം.1220307862/21.12.2022 തുക- 11610/- | അടവാക്കിയതിൽ കുറവ് വന്ന 523/- രൂപ തൊട്ടടുത്ത മാസമാണ് |

| | | | |
|---|---|---|---|
| 13206/01-33 തീയ്യതി.20.12.2022 | | | തിരിച്ചടവാക്കിയത്. ( രശീതി നം.1220308902/11.01.2023 തുക.523/-) ( ബിൽ കളക്ടർ - എം കെ നാരായണൻ) |
| 13206/86-100 തീയ്യതി.24.12.2022 & 13207/01-88 തീയ്യതി.24.12.2022 | 41,200/- | രശീതി നം.1220308093/26.12.2022 തുക - 41,243/- | 43/- രൂപ അധികം അടവാക്കിയിട്ടുണ്ട്. ( ബിൽ കളക്ടർ - എം കെ നാരായണൻ) |
| 13209/83-100 തീയ്യതി.06.01.2023 & 13212/01-25 തീയ്യതി.06.01.2023 | 36,622/- | രശീതി നം.1220308694/07.01.2023 തുക – 36,662/- | 40/- രൂപ അധികം അടവാക്കിയിട്ടുണ്ട്. ( ബിൽ കളക്ടർ - എം കെ നാരായണൻ) |

അടവാക്കിയ തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിൽ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഭാവിയിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2) രശീതി ബുക്കിലെ താളുകൾ മുഴുവനായി ഉപയോഗിച്ച് തീരുന്നതിന് മുമ്പായി മറ്റൊരു രശീതി ബുക്ക് ഉപയോഗിച്ചു.

A) 01.03.2023 ന് എം കെ നാരായണൻ, ക്ലർക്ക് ന് നികുതി പിരിവിനായി നൽകിയ 14492 നമ്പർ രശീതി ബുക്കിലെ 80 മുതൽ 87 വരെയുള്ള രശീതികൾ 13.03.2023 തീയ്യതിയിൽ നികുതി പിരിവിനായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ 10.03.2023 തീയ്യതിയിൽ നികുതി പിരിവിനായി നൽകിയ 14495 നമ്പർ രശീതി ബുക്ക് ഉപയോഗിച്ച് 11.03.2023 തീയ്യതിയിൽ നികുതി പിരിച്ചതായി കാണുന്നുണ്ട്. ആദ്യം നൽകിയ രശീതി ബുക്ക് ഉപയോഗിച്ച് തീരുന്നതിന് മുമ്പ് തന്നെ രണ്ടാമത് നൽകിയ രശീതി ബുക്ക് നികുതി പിരിവിനായി ഉപയോഗിച്ച് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഒരേ സമയം രണ്ട് രശീതി ബുക്കുകൾ ഉപയോഗിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

B) 10.03.2023 ന് എം കെ നാരായണൻ, ക്ലർക്കിന് നികുതി പിരിവിനായി നൽകിയ 14495 നമ്പർ രശീതി ബുക്കിലെ 92 മുതൽ 100 വരെയുള്ള രശീതികൾ ഉപയോഗിക്കാതെ ഒഴിച്ചിട്ടിക്കുകയാണ്. പ്രസ്തുത താളുകൾ അവശേഷിക്കെ 17.03.2023 തീയ്യതിയിൽ 14497 നമ്പർ രശീതി ബുക്ക് നികുതി പിരിവിനായി നൽകുകയും നികുതി പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

C) 24.03.2023 ന് എം കെ നാരായണൻ, ക്ലർക്കിന് നികുതി പിരിവിനായി നൽകിയ 21801 നമ്പർ രശീതി ബുക്കിലെ 90 മുതൽ 100 വരെയുള്ള രശീതികൾ ഉപയോഗിക്കാതെ ഒഴിച്ചിട്ടിക്കുകയാണ്. പ്രസ്തുത താളുകൾ അവശേഷിക്കെ 30.03.2023 തീയ്യതിയിൽ 21808 നമ്പർ രശീതി ബുക്ക് നികുതി പിരിവിനായി നൽകുകയും നികുതി പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

D) 20.03.2023 ന് രേഖ കെ ആർ, ക്ലാർക്കിന് നികുതി പിരിവിനായി നൽകിയ 14498 നമ്പർ രശീതി ബുക്ക് മുഴുവനായും ഉപയാഗിച്ച് തീരുന്നതിന് മുമ്പ് തന്നെ 22.03.2023 തീയ്യതിയിൽ 14500 നമ്പർ രശീതി ബുക്ക് നികുതി പിരിവിനായി നൽകുകയും നികുതി പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രശീതി ബുക്കുകൾ ഒരേ സമയം ഉപയോഗിച്ച് ഒരേ തീയ്യതിയിൽ നികുതി പിരിച്ചെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

E) 26.03.2023 ന് ഹമ്സത്ത് കെ പി, ക്ലർക്ക് നികുതി പിരിവിനായി ഏറ്റെടുത്ത 21802 നമ്പർ രശീതി ബുക്കിലെ യാതൊരു താളുകളും നികുതി പിരിവിനായി ഉപയോഗിച്ചിട്ടില്ല. എന്നാൽ അതിനു ശേഷം 29.03.2023 തീയ്യതിയിൽ ഏറ്റെടുത്ത 21805 നമ്പർ രശീതി ബുക്ക് ഉപയോഗിച്ച് നികുതി പിരിച്ചെടുത്തായും കാണുന്നു. രശീതി ബുക്കുകൾ മുഴുവനായും ഉപയോഗിച്ച് തീരുന്നതിന് മുമ്പ് വീണ്ടും പുതിയ രശീതി

ബുക്കുകൾ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) രശീതികളിൽ തീയ്യതി രേഖപ്പെടുത്താതെ നികുതി പിരിക്കുന്നു.

20.03.2023 ന് രേഖ കെ ആർ, ക്ലർക്കിന് നികുതി പിരിവിനായി നൽകിയ 14498 നമ്പർ രശീതി ബുക്കിലെ രശീതി നമ്പർ 68 മുതൽ 77 വരെയുള്ള താളുകൾ തീയ്യതി രേഖപ്പെടുത്താതെ നികുതി പിരിച്ചെടുത്തിട്ടുണ്ട്. ഇക്കാരണത്താൽ പ്രസ്തുത തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ടോ എന്നുള്ള കാര്യം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

4) പിരിച്ചെടുത്ത നികുതി തുക മുഴുവനായും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല

| രശീതി ബുക്ക് നമ്പർ & തീയ്യതി | പിരിച്ചെടുത്ത നികുതി | തുക അടവാക്കിയതിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|
| 14495/01-07<br>തീയ്യതി.11.03.2023<br>&<br>14492/80-87<br>തീയ്യതി.13.03.2023 | 10,755/- | രശീതി നം.1220311460<br>തീയ്യതി.13.03.2023<br>തുക – 10,735/- | അടവാക്കിയതിൽ 20/- രൂപ കുറവ്.<br>( ബിൽ കളക്ടർ - എം കെ നാരായണൻ) |

തുക തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

5) ഫ്രണ്ട് ഓഫീസ് കലക്ഷൻ തുക ബാങ്കിൽ അടവാക്കുമ്പോൾ തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നില്ല.

| രശീതി നമ്പർ & തീയ്യതി | വരവ് വന്ന തുക | ബാങ്കിൽ അടവാക്കിയ തുക | റിമാർക്സ് |
|---|---|---|---|
| രശീതി നമ്പർ 1220304723-1220304766 തീയ്യതി- 29.09.2022 | 52,505/- | 52,672/- | 167/- രൂപ അധികം അടവാക്കി. |
| രശീതി നമ്പർ 1220309394-1220309414 തീയ്യതി- 28.01.2023 | 13,596/- | 13,600/- | 4/- രൂപ അധികം അടവാക്കി. |

(പെരുമ്പള സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്)

അടവാക്കിയ തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിൽ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഭാവിയിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

6) ഓഡിറ്റ് വർഷത്തെ സാംഖ്യയിൽ നിന്നുള്ള രസീത് കാൻസലേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ റദ്ദാക്കാനായി ക്ലാർക്കുമാർ അപേക്ഷിച്ചിരിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന രശീതികൾ നാളിതു വരെയായി സെക്രട്ടറി അംഗീകരിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | റദ്ദാക്കാൻ അപേക്ഷിച്ച തീയ്യതി | റദ്ദാക്കാൻ അപേക്ഷിച്ച ക്ലർക്ക് | തുക | അപേക്ഷിക്കാനുള്ള കാരണം |
|---|---|---|---|---|---|
| 1 | 1220300001 | 04/04/2022 | വിജില സി പി | 610 | Printer Fault |
| 2 | 1220300263 | രേഖപ്പെടുത്തിയിട്ടില്ല. | എം കെ നാരായണൻ | 30 | Wrong Description |
| 3 | 1220304291 | 19.09.2022 | രാധ കെ | 10 | Wrong Description |
| 4 | 1220000555 | 19.09.2022 | രാഘവൻ | 1033142 | Wrong Description |

റദ്ദാക്കാനായി അപേക്ഷിച്ചിരിക്കുന്ന രശീതികൾ അംഗീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 07/07.09.2023).

1-12 രശീതി ബുക്കിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചില്ല .

അസിസ്റ്റന്റ് എഞ്ചിനീയർക്ക് 19.07.2022 തീയ്യതിയിൽ നൽകിയ 13198 നമ്പർ രശീതി ബുക്ക് ഉപയോഗിച്ച് 03.12.2022 തീയ്യതി മുതൽ 24.03.2023 തീയ്യതി വരെയുള്ള കാലളവിൽ 06 മുതൽ 100 വരെയുള്ള രശീതി നമ്പർ പ്രകാരം ടെണ്ടർ ഫോം വിൽപ്പനയിനത്തിൽ പിരിച്ചെടുത്ത 3,37,186/- രൂപയുടെ രശീതികൾക്ക് ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ നികുതി ദാതാവിന് നൽകിയ പകർപ്പിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രശീതികൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ചട്ടം പാലിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല(ഓഡിറ്റ് എൻക്വയറി നം. 07/07.09.2023). പ്രസ്തുത അപാകതയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-13 ഇ ടെണ്ടർ ബിഡ് സമർപ്പണ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല.

ചെമ്മനാട് പഞ്ചായത്ത് നടത്തിയ ഇ ടെണ്ടറുകളിൽ ബിഡ് സമർപ്പണ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ച 1,39,198/- രൂപ 06.03.2023 തീയ്യതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ,ചെമ്മനാട് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്.(എസ് ബി ഐ, പെരുമ്പള ബ്രാഞ്ച്, അക്കൗണ്ട് നമ്പർ-37320417915). പ്രസ്തുത തുകയും, നിർവ്വഹണോദ്യോഗസ്ഥൻ എന്ന നിലയിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇ ടെണ്ടറുകൾ മുഖാന്തിരം ലഭിച്ച തുകയും ഉൾപ്പെടെ 31.03.2023 ന് 1,81,312.50/- രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. പ്രസ്തുത നീക്കിയിരിപ്പ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/29.09.2023)

1-14 തനത് ഫണ്ട് അക്കൗണ്ട്-ഉയർന്ന പലിശ നിരക്ക് ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് PERUMBALA SERVICE CO-OPERATIVE ബാങ്കിന്റെ സേവിംഗ്സ് അക്കൗണ്ടിലാണ് (അക്കൗണ്ട് നം. 1629) നിക്ഷേപിച്ചിട്ടുള്ളത്. ഈ അക്കൗണ്ടിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ 2023 മാർച്ച് 31 ന് 6,64,72,119 രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.

ഈ തുകയ്ക്ക് നിലവിൽ 2.90% നിരക്കിലുള്ള സേവിംഗ്സ് അക്കൗണ്ട് പലിശ മാത്രമാണ് ലഭിക്കുന്നത്. തനത് ഫണ്ടിൽ നിന്നും പഞ്ചായത്തിന്റെ വിവിധ ചെലവുകൾക്കുള്ള ഒരു നിശ്ചിത തുക നിലനിർത്തി ബാക്കി തുക നിശ്ചിത കാലയളവിലേക്ക് ഉയർന്ന പലിശ ലഭിക്കുന്ന ഏതെങ്കിലും സ്കീമിൽ നിക്ഷേപിക്കുന്നത് വഴി പലിശ ഇനത്തിൽ കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള സാധ്യതയുണ്ട്. ഇതിനായി ഒരു നിശ്ചിത സംഖ്യ, ഉയർന്ന പലിശ ലഭിക്കുന്ന നിക്ഷേപമായി മാറ്റാവുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സാധ്യതകൾ പരിഗണിക്കുന്നത് വഴി ഈ അക്കൗണ്ടിൽ നിന്നും പലിശ ഇനത്തിൽ നിലവിൽ ലഭിക്കുന്ന വരവ് ഏകദേശം ഇരട്ടിയോളം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യമാണുള്ളത്. നികുതിയേതര വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള ഈ സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നത് പരിഗണിക്കാവുന്നതാണ്.

## 1-15 വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

2022-23 വർഷത്തെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ കെട്ടിട വാടക രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന വാടകക്കാരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കാനുള്ളതായി കാണുന്നു. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | ഡിമാന്റ് തുക | കളക്ഷൻ തുക | ബാക്കി തുക |
|---|---|---|---|---|---|
| 1. | 5/201 | രതീഷ് സി | 12325 | 4325 | 8000 |
| 2. | 4/568 | പുഷ്പ | 12876 | 10730 | 2146 |
| 3. | 5/209E | ജുനൈദ് പി എം | 24000 | 0 | 24000 |
| 4. | 5/209F | ജുനൈദ് പി എം | 24000 | 0 | 24000 |
| ആകെ | | | | | 58146 |

കുടിശ്ശിക തുകയായ 58146 പിരിച്ചെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്. വാർഷിക കണക്കിൽ Rent Receivables From Buildings(Arrears) ആയി കാണിച്ചിരിക്കുന്നത് 41304 രൂപയാണ്.വാർഷിക കണക്കിലും വാടക രജിസ്റ്ററിലും വാടകകുടിശ്ശിക തുക വ്യത്യസ്തമായി കാണിച്ചിരിക്കുന്നതിനാൽ യഥാർത്ഥത്തിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക എത്ര രൂപയെന്നും വ്യക്തമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.30/22-23 തീയതി 29-09-2023)

## 1-16 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ചെമ്മനാട് ഗ്രാപഞ്ചായത്ത് പരിധിയിൽ ജോലിചെയ്യുന്ന അഭിഭാഷകർ, മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ എന്നിവരിൽ നിന്ന് നിലവിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല(തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും). 1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.16/22-23 തീയതി 30.09.2023)

## 1-17 കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ- ചെലവു തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.493/23 -GIS Based Connectivity Map And Digital Asset Register Preparation-R-Track നിർവഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ നിലവിലെ എല്ലാ റോഡുകളുടെയും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന്

പ്രോജക്റ്റ് നം.493/23 ൽ തനതു ഫണ്ടിൽ നിന്നും 69,000 രൂപ വകയിരുത്തിയിരുന്നു.

പഞ്ചായത്ത് കമ്മിറ്റിയുടെ 16.01.2023 ലെ 21(1) നമ്പർ തീരുമാന പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പിംഗ് പ്രവൃത്തി ചെയ്യുന്നതിന് ശ്രീ.കൃഷ്ണകുമാർ.പി എന്നവരെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും 18.01.2023 ന് ടിയാനുമായി കരാർ വയ്ക്കുകയും ചെയ്തു. 17.03.2023 ലെ ചെക്ക് നം. 0972716 പ്രകാരം 66,000 രൂപ ടിയാന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങളുടെ മറ്റു വിശദാംശങ്ങൾ ഫയലിൽ ഇല്ല. ആയതിനാൽ, പ്രോജക്ടിന്റെ നിർവഹണ രീതി എങ്ങനെയെന്ന് വ്യക്തമാക്കുവാനും R-Track ൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ബോധ്യപ്പെടുത്തുവാനും ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി. (നം.10/28/09/2023). എന്നാൽ ഈ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ പ്രോജക്ടിന്റെ ചെലവു തുക 66,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-18 മരാമത്ത് പ്രവൃത്തികളിൽ ഗുണനിലവാര പരിശോധനകൾ നടത്തിയിട്ടില്ല

വളരെ സാങ്കേതിക തികവോടെ നിർവഹിക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെയും പ്രവൃത്തികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഘടകങ്ങളുടെയും ഗുണനിലവാര പരിശോധനകൾ നടത്തിയതായി കാണുന്നില്ല.

1. റോഡ് നിർമാണ പ്രവൃത്തികളിൽ വലിയ തോതിൽ വെറ്റ് മിക്സ് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രവൃത്തിയിലും വെറ്റ് മിക്സിന്റെയും വിവിധ വലിപ്പത്തിലുള്ള Coarse Aggregates കളുടെയും ഗ്രഡേഷൻ ടെസ്റ്റ് നടത്തിയിട്ടില്ല.

2. റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ Bitumen Extraction Test ഒരു പ്രവൃത്തിയിലും നടത്തിയിട്ടില്ല.

3. അനേകം റോഡുകളുടെ പ്രതലങ്ങൾ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഒരു പ്രവൃത്തിയിലും കോൺക്രീറ്റ് പ്രതലങ്ങളുടെ നിശ്ചിത ഗുണനിലവാര / ബല പരിശോധന നടത്തിയതായി കാണുന്നില്ല. കൂടാതെ വൻതോതിൽ കോൺക്രീറ്റ് ആവശ്യമായ മറ്റു പ്രവൃത്തികളിലും കോൺക്രീറ്റ് ക്യൂബ് കംപ്രഷൻ ടെസ്റ്റ് നടത്തിയിട്ടില്ല.

4. ഇന്റർലോക്ക് പ്രവൃത്തികളിൽ ഇന്റർലോക്ക് കട്ടകളുടെ ബലപരിശോധന നടത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/28 /09/2023) മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിലുള്ള നിർവഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം പഞ്ചായത്ത് കമ്മിറ്റിയുടെ അഭിപ്രായം സഹിതം ലഭ്യമാക്കേണ്ടതാണ്.

### 1-19 മരാമത്ത് പ്രവൃത്തികളുടെ ചെലവ് പരിശോധന- ചെയിനേജ് നിബന്ധനകൾ മറി കടന്നുള്ള റോഡ് പ്രവൃത്തികൾ സംബന്ധിച്ച്.

2022-23 വർഷം പഞ്ചായത്ത് പേമെന്റ് നടത്തിയ ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റുകൾ പ്രകാരമുള്ള ചെയിനേജുകൾ പാലിക്കാതെ മറ്റു ചെയിനേജുകളിൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. റോഡ് പ്രവൃത്തികളിൽ വിവിധ പ്രവൃത്തികൾ നടപ്പിലാക്കേണ്ട ചെയിനേജുകൾ എസ്റ്റിമേറ്റിലും അനുബന്ധ സ്കെച്ച്, ഡ്രോയിങ്ങ് എന്നിവയിലും നിർബന്ധമായും രേഖപ്പെടുത്തേണ്ടതും നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെയിനേജുകൾ അളവു പുസ്തകങ്ങളിൽ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണെങ്കിലും പഞ്ചായത്തിൽ നടപ്പിലാക്കിയ പല റോഡ് പ്രവൃത്തികളുടെ ഫയലുകളിലും ഇക്കാര്യം അവഗണിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ്, പ്രവൃത്തിയുടെ പേര്, കരാറുകാരൻ, ചെലവ് | എസ്റ്റിമേറ്റ് നം, എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന | അളവു പുസ്തകത്തിന്റെ നമ്പർ, അളവു പുസ്തകം പ്രകാരം | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | ചെയിനേജ് | പ്രവൃത്തി ചെയ്ത ചെയിനേജ് | |
| 1 | പ്രോജക്ട്- 188/23<br>പ്രവൃത്തിയുടെ പേര്- കൂവത്തൊട്ടി കുന്നമ്മൽ റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- അനസ്.ഇ.എ<br>ചെലവ് - 2,00,941 (വൗച്ചർ നം 24/7-22, 12.07.2022) | എസ്റ്റിമേറ്റ് നം- 2020/118908<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>കോൺക്രീറ്റ്- 0/647 മുതൽ 0/673വരെ,<br>0/708 മുതൽ 0/745വരെ | അളവു പുസ്തകത്തിന്റെ നമ്പർ- 645(H)/14-15<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് -<br>0/647 മുതൽ 0/711 വരെ | എസ്റ്റിമേറ്റിന്റെ ഭാഗമായുള്ള ഡ്രോയിങ്ങ് പ്രകാരം 0/673 മുതൽ 0/708വരെയുള്ള ഭാഗം നിലവിലുള്ള ടാർ പ്രതലം ആണ്. ഈ ചെയിനേജിലും കോൺക്രീറ്റ് ചെയ്തതായി കാണിച്ചിട്ടുണ്ട്. |
| 2 | പ്രോജക്ട്- 217/22<br>പ്രവൃത്തിയുടെ പേര്- കുഞ്ഞടുക്കം ചോളിയോട് കുണ്ട പനക്കാൽ റോഡ് റീടാറിംഗ്<br>കരാറുകാരൻ- സയിദ് അബ്ദുൾ റഹിമാൻ<br>ചെലവ് - 2,99,575 (വൗച്ചർ നം 21/7-22, 12.07.2022 | എസ്റ്റിമേറ്റ് നം- 2021/92130<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>റീടാറിംഗ്- 0/405 മുതൽ 0/560 വരെ,<br>0/570 മുതൽ 0/594 വരെ<br>0/600 മുതൽ 0/660 വരെ | അളവു പുസ്തകത്തിന്റെ നമ്പർ- 465/21-22,<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>റീടാറിംഗ്- 0/408 മുതൽ 0/672വരെ | എസ്റ്റിമേറ്റിന്റെ ഭാഗമായുള്ള ഡ്രോയിങ്ങ് പ്രകാരം 0/560 മുതൽ 0/570വരെയുള്ള ഭാഗവും 0/594 മുതൽ 0/600വരെയുള്ള ഭാഗവും നിലവിലുള്ള കോൺക്രീറ്റ് പ്രതലം ആണ്. ഈ ചെയിനേജിലും റീടാർ ചെയ്തതായി കാണിച്ചിട്ടുണ്ട്. |
| 3 | പ്രോജക്ട്- 172/22<br>പ്രവൃത്തിയുടെ പേര്- കപ്പണയടുക്കം മാടിക്കാൽ പാലോത്ത് റോഡ് മെച്ചപ്പെടുത്തൽ<br>കരാറുകാരൻ- ബി.അബ്ദുള്ളക്കുഞ്ഞി<br>ചെലവ് - 3,49,578 (വൗച്ചർ നം 20/07-22, 12.07.2022) | എസ്റ്റിമേറ്റ് നം- 2020/131083<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് -<br>റീടാറിംഗ്- 0/000 മുതൽ 0/118വരെ,<br>0/124 മുതൽ 0/222വരെ,<br>0/279 മുതൽ 0/335വരെ, | അളവു പുസ്തകത്തിന്റെ നമ്പർ- 303/21-22<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് -<br>റീടാറിംഗ്- 0/000 മുതൽ 0/119.8വരെ,<br>0/125.8 മുതൽ 0/238.40വരെ,<br>0/272.4 മുതൽ 0/312.4വരെ | എസ്റ്റിമേറ്റിന്റെ ഭാഗമായുള്ള ഡ്രോയിങ്ങ് പ്രകാരം 0/222 മുതൽ 0/279വരെയുള്ള ഭാഗം നിലവിലുള്ള കോൺക്രീറ്റ് പ്രതലം ആണ്. ഈ ചെയിനേജിലും ഭാഗികമായി റീടാർ ചെയ്തതായി കാണിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | കോൺക്രീറ്റ്- 0/118 മുതൽ 0/124വരെ | കോൺക്രീറ്റ്- 0/119.8 മുതൽ 0/125.8വരെ | |
| 4 | പ്രോജക്ട്- 198/23 പ്രവൃത്തിയുടെ പേര്- തെക്കിൽ പള്ളിക്കര റോഡ് നവീകരണം കരാറുകാരൻ- ബി.അബ്ദുള്ള ചെലവ് - 3,33,165 (വൗച്ചർ നം 13/07-22, 11.07.2022, നം 14/07-22, 11.07.2022) | എസ്റ്റിമേറ്റ് നം- 2021/90955 എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് - റീടാറിംഗ്- 0/240 മുതൽ 0/386വരെ കോൺക്രീറ്റ്- 0/210 മുതൽ 0/240വരെ | അളവു പുസ്തകത്തിന്റെ നമ്പർ- 361/21-22 അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് റീടാറിംഗ്- 0/280 മുതൽ 0/431വരെ കോൺക്രീറ്റ്- 0/210 മുതൽ 0/243വരെ | |
| 5 | പ്രോജക്ട്- 182/23 പ്രവൃത്തിയുടെ പേര്- കട്ടക്കാൽ കുത്തിബ്നീയത്ത് മസ്ജിദ് വള്ളിയോട് റോഡ് ഇംപ്രൂവ്മെന്റ് കരാറുകാരൻ- സി.എം.ഗഫൂർ ചെലവ് - 2,49,621 (വൗച്ചർ നം 12/07-22, 11.07.2022) | എസ്റ്റിമേറ്റ് നം- 2021/3024 എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് - റീടാറിംഗ്- 0/381 മുതൽ 0/592വരെ കോൺക്രീറ്റ്- 0/158 മുതൽ 0/165വരെ, 0/194 മുതൽ 0/220വരെ, | അളവു പുസ്തകത്തിന്റെ നമ്പർ- 360/21-22 അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് - റീ ടാറിംഗ്- 0/000 മുതൽ 0/177വരെ, കോൺക്രീറ്റ്- 0/156 മുതൽ 0/167വരെ, 0/196 മുതൽ 0/220വരെ | എസ്റ്റിമേറ്റിന്റെ ഭാഗമായുള്ള ഡ്രോയിങ്ങ് പ്രകാരം 0/165 മുതൽ 0/194വരെയുള്ള ഭാഗം നിലവിലുള്ള കോൺക്രീറ്റ് പ്രതലം ആണ്. ഈ ചെയിനേജിലും ഭാഗികമായി റീടാർ ചെയ്തതായും കോൺക്രീറ്റ് ചെയ്തതായും കാണിച്ചിട്ടുണ്ട്. |
| 6 | പ്രോജക്ട്- 193/23 പ്രവൃത്തിയുടെ പേര്- പൊന്നോലപ്പാറ നടുവിൽക്കുന്ന് അള്ളംകുളം റോഡ് റീടാറിംഗ് കരാറുകാരൻ-മുഹമ്മദ് സിറാജുദ്ദീൻ.എം. ചെലവ് - 2,99,480 | എസ്റ്റിമേറ്റ് നം- 2021/88410 എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് - റീടാറിംഗ് - 0/060 മുതൽ 0/190വരെ, | അളവു പുസ്തകത്തിന്റെ നമ്പർ- 273/17-18 അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് - റീടാറിംഗ് - 0/66 മുതൽ | |

| | | | | |
|---|---|---|---|---|
| | (വൗച്ചർ നം 03/07-22, 01.07.2022) | 0/550 മുതൽ 0/700വരെ | 0/71.70വരെ, 0/090 മുതൽ 0/251വരെ, 0/559 മുതൽ 0/680വരെ | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/28 /09/2023) ന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികളുടെ ആകെ ചെലവു തുക 17,32,360 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ റോഡുകൾ പരിശോധിക്കുന്നതിനായി ജനപ്രതിനിധികളും സാങ്കേതിക വിദഗ്ധരും അടങ്ങിയ കമ്മിറ്റി രൂപീകരിച്ച് സ്ഥലപരിശോധന നടത്തി വിശദമായ റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ.

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,

ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയ്ക്കായി നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ചുവടെ ചേർത്ത പ്രകാരം 1.07 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. 472/23 -(ST -SO) | 2,00,000/- |
| പ്രോജക്ട് നം. 270/23 -(SC-SO) | 12,32,000/- |
| പ്രോജക്ട് നം. 130/23 -(SC-SO) | 10,28,400/- |
| പ്രോജക്ട് നം. 262/23(GEN-NEW) | 82,67,600/- |
| ആകെ | ₹1,07,28,000/- |

മേൽ പദ്ധതികളിൽ ഭവന നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത 49 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (യൂണിറ്റ് നിരക്ക് ജനറൽ ₹4,00,000/- ,പട്ടികജാതി വിഭാഗം ₹4,00,000/-പട്ടിക വർഗ്ഗ വിഭാഗം ₹-6,00000/-)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| | എസ്.സി ഗുണഭോക്താക്കൾ | | |
| 1 | മോഹനൻ.കെ | 2,00,000/- | മേൽക്കൂര |
| 2 | ചന്ദ്രൻ.കെ | 3,00,000/- | മേൽക്കൂര |
| 3 | സൂരജ്.കെ | 3,00,000/- | മേൽക്കൂര |
| 4 | സരോജിനി W/o ശങ്കര | 3,00,000/- | മേൽക്കൂര |
| 5 | ബിന്ദുമോൾ | 2,00,000/- | തറ |
| 6 | പ്രമീള W/o ബിനോജൻ | 3,00,000/- | മേൽക്കൂര |
| 7 | ജയശ്രീ.ബി | 2,00,000/- | തറ |
| | ജനറൽ ഗുണഭോക്താക്കൾ | | |
| 8 | താഹിറ W/o ബഷീർ, വാഴവളപ്പിൽ, കളനാട് | 3,00,000/- | മേൽക്കൂര |

| | | | |
|---|---|---|---|
| 9 | ആയിഷത്ത് ശബ്ന W/o അബ്ദുൾ മുത്തലിബ്, അഹമ്മദ് മൻസിൽ,കീഴൂർ | 3,00,000/- | മേൽക്കൂര |
| 10 | അമിന W/o അബ്ദുള്ള ഷാഫി, ചെറുകര, പൊയിനാച്ചി | 3,60,000/- | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| 11 | ആയിഷ W/o മുഹമ്മദ്കുഞ്ഞി,ക്കുവത്തൊട്ടി | 3,00,000/- | ഭിത്തി |
| 12 | രുഗ്മിണി.ടി, കോളിയടുക്കം, പെരുമ്പള | 3,00,000/- | ഭിത്തി |
| 13 | സരിത.പി.വി W/o പ്രദീപൻ, പി.വി നിവാസ്, തെക്കിൽ | 3,00,000/- | ഭിത്തി |
| 14 | സുമലത W/o രാധാകൃഷ്ണൻ.ടി,<br>തൊട്ടിയിൽ വീട്,കളനാട് | 3,00,000/- | ഭിത്തി |
| 15 | നഗേന്ദ്രൻ.എം, പ്രേമ<br>ഒറവൻകര, ചെമ്മനാട് | 2,60,000/- | ഭിത്തി |
| 16 | സരസ്വതി.എം W/o നാരായണൻ<br>ദേളി, കുന്നപ്പാറ വീട്, പെരുമ്പള | 3,00,000/- | ഭിത്തി |
| 17 | ബേബി.ടി.എം<br>പള്ളിപ്പുറം വീട്, ചളിയൻക്കോട്, കളനാട് | 3,00,000/- | ഭിത്തി |
| 18 | നഫീസ.കെ W/ദ അബൂബക്കർ<br>രാജീവ് ഗാന്ധി കോളനി,തെക്കിൽ | 3,60,000/- | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| 19 | അംബിക W/o കുഞ്ഞിക്കണ്ണൻ<br>അരമങ്ങാനം, ചെമ്മനാട് | 2,00,000/- | തറ |
| 20 | ജയന്തി.പി W/o നന്ദഗോപൻ<br>കീർകാംത്തൊട്ടി, മുതലപ്പാറ, പെരുമ്പള | 2,00,000/- | തറ |
| 21 | നബീസത്ത് മിസിരിയ<br>ഷഹാന മൻസിൽ, ചെറുകര | 3,60,000/- | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| 22 | സാവിത്രി.കെ W/o സതീശൻ<br>ഒറവൻകര, കൊളിയടുക്കം | 3,00,000/- | മേൽക്കൂര |
| 23 | ഉമ.ടി.ജി D/o ഗോപാലൻ<br>ക്കുവത്തൊട്ടി, കളനാട് | 3,00,000/- | മേൽക്കൂര |
| 24 | ബാബു, ക്കുഴൂർ കടപ്പുറം | 2,00,000/- | തറ |
| 25 | ഉഷ W/o സജീവൻ.എ<br>മണിയൻങ്ങാനം, ക്കുവത്തൊട്ടി | 2,00,000/- | തറ |
| 26 | ലീലാമണി ടി.എൻ W/o അനിൽകുമാർ, തെക്കേവീട്, കളനാട് | 2,60,000/- | ഭിത്തി |
| 27 | ജമീല.സി.എ D/o അബ്ദുൾ ഖാദർ<br>ചരലിൽ വീട്, ചട്ടഞ്ചാൽ | 2,60,000/- | ഭിത്തി |
| 28 | ആയിഷത്ത് ജമീല.വി.എൻ<br>S/o അബ്ദുൾ റഹമാൻ | 1,40,000/- | തറ |
| 29 | തസ്ലീമ.പി W/o യൂസഫ്<br>ചാപ്പ വീട്, കീഴൂർ | 2,60,000/- | ഭിത്തി |
| 30 | പ്രസന്ന.എ W/o കണ്ണൻ<br>അരമങ്ങാനം, കളനാട് | 2,60,000/- | ഭിത്തി |
| 31 | ആയിഷത്ത് റംല<br>ഫാത്തിമ്മത്ത് മൻസിൽ, തെക്കിൽ | 3,00,000/- | ഭിത്തി |
| 32 | രാജി.കെ D/o നാരായണൻ (L)<br>മുണ്ടോൾപറമ്പ് | 3,00,000/- | ഭിത്തി |
| 33 | ജാനകി W/o ചന്ദ്രൻ.പി | 40,000/- | തറ |

| | | | |
|---|---|---|---|
| | മൊടിക്കൽ വീട്, ചെമ്മനാട് | | |
| 34 | സൈനബത്ത് സബാന എ.ബി<br>W/o അബ്ദുൾ കാദർ, പാലോത്ത് വീട്, ചെമ്മനാട് | 2,00,000/- | തറ |
| 35 | ഭാസ്കരൻ.കെ, പുഷ്പ<br>പള്ളിക്കര വീട്, തെക്കിൽ | 2,00,000/- | തറ |
| 36 | മാഞ്ഞു പാദൂർ W/o അബ്ബാസ് | 2,00,000/- | തറ |
| 37 | ബീഫാത്തിമ്മ<br>ആലിച്ചേരി വീട്, ചെമ്മനാട് | 1,80,000/- | തറ |
| 38 | ഷാനവാസ് എം S/o മൊയ്തീൻ<br>ആലിച്ചേരി, കൊമ്പനടുക്കം | 2,00,000/- | തറ |
| 39 | ജയശ്രീ W/o ഉപേന്ദ്രൻ.കെ<br>തേയി നിവാസ്, കളനാട് | 2,60,000/- | തറ |
| 40 | കാരിച്ചി, അച്ചേരി വീട്, കളനാട് | 2,60,000/- | ഭിത്തി |
| 41 | സുലോചന.പി D/o ചോയി<br>പൊയിനാച്ചിമൊട്ട, തെക്കിൽ | 2,00,000/- | തറ |
| 42 | സഫിയ D/o അബ്ദുള്ള<br>കുരക്കുന്ന് , ബണ്ടിച്ചാൽ | 40,000/- | തറ |
| 43 | കദീജത്ത് സർഫാൻ,<br>ഇബ്രാഹിം .കെ.ബി, കുന്നരിയത്ത്, കളനാട് | 2,00,000/- | തറ |
| 44 | സുമലത D/o കാർത്ത്യായണി, അരമങ്ങാനം | 2,00,000/- | തറ |
| 45 | ഫാത്തിമ്മ , പെരുമ്പള | 3,00,000/- | മേൽക്കൂര |
| 46 | ഫാത്തിമ്മബി.പി.കെ | 3,00,000/- | ഭിത്തി |
| 47 | ഫസീല.ബി | 40,000/- | തറ |
| 48 | വിലാസിനി | 3,60,000/- | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| | എസ്.ടി ഗുണഭോക്താക്കൾ | | |
| 49 | സൗമ്യ | 3,00,000/- | ഭിത്തി |

(ഓഡിറ്റ് എൻക്വയറി നം. 15. തീയ്യതി 30.09.2023)

## 1-21 ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു.

1) 2022-23 വർഷം മരണം രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | ശ്രീധരൻ.പി.എം (വാർദ്ധക്യകാല പെൻഷൻ) | 111920204665 | 08.12.2021 | 01/22 മുതൽ 12/22 വരെ (600 X 12) | 7,200 |
| 2 | സി.ആർ.അച്ചുതൻ (ഡിസബിലിറ്റി പെൻഷൻ) | 111920400050 | 20.01.2022 | 02/22 മുതൽ 04/22 വരെ (1600 X 3) | 4,800 |

| | |
|---|---|
| ആകെ തുക | 12,000 |

ഇത് സംബന്ധിച്ച് 03.10.2023 ന് നൽകിയ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ പെൻഷൻ തുക ഡി.ബി.റ്റി സെല്ലിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ഗുണഭോക്താവിന്റെ മരണശേഷം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും തുക വിതരണം ചെയ്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | യശോദ.പി.വി (വാർദ്ധക്യകാല പെൻഷൻ) (നീലേശ്വരം മുൻസിപ്പാലിറ്റി) | 112500203061 | 09.02.2022 | 3/22 മുതൽ 11/22 വരെ (1600 X 9) | 14,400 |
| 2 | നഫീസ (വിധവ പെൻഷൻ) (കസർഗോഡ് മുൻസിപ്പാലിറ്റി) | 102240602304 | 02.07.2021 | 08/21 മുതൽ 11/21 വരെ (1600 X 4) | 6,400 |
| 3 | മുഹമ്മദ്. എം (വാർദ്ധക്യകാല പെൻഷൻ) (ചെങ്കള ഗ്രാമ പഞ്ചായത്ത്) | 111910201875 | 26.02.2022 | 03/22 മുതൽ 06/23 വരെ (1600 X 16) | 25,600 |
| | | | | ആകെ തുക | 46,400 |

ഗുണഭോക്താക്കളുടെ മരണ വിവരം മേൽ വിവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ചെമ്മനാട് കൃഷി ഓഫീസിൽ നിന്നും ഗുണഭോക്താക്കളുടെ മരണ ശേഷവും ചുവടെ പറയും പ്രകാരം തുക വിതരണം ചെയ്തിരിക്കുന്നു.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | ലക്ഷ്മി.പി (ക്ഷേമനിധി ബോർഡ്) അഗ്രിക്കൾച്ചർ ഓഫീസ് | 2220251065 | 17.02.2022 | 03/22 മുതൽ 06/23 വരെ (1600 X 16) | 25,600 |
| | | | | ആകെ തുക | 25,600 |

ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം മറ്റ് സ്ഥാപനങ്ങളിൽ അറിയാതെ പോകുന്നതിനാൽ ആനുകൂല്യ വിതരണം മരണ ശേഷവും തുടർന്നു വരുന്നു. മേൽ സ്ഥാപനങ്ങളിലേക്ക് ഗുണഭോക്താക്കളുടെ മരണ വിവരം അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-22 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, 2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവീസസ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2018 ഒക്ടോബർ 1 മുതൽ 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. കൂടാതെ 1989ലെ കേരള നിർമാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 8 പ്രകാരം ഒരു കരാറുകാരൻ തൊഴിൽദാതാവായിരിക്കുന്ന സാഹചര്യത്തിൽ കരാറുകാരന് നൽകാനുള്ള ബിൽ തുകയിൽ നിന്ന് 1% തുക കുറവ് ചെയ്ത് ക്ഷേമനിധി ഫണ്ടിലേക്ക് അടക്കാൻ വകുപ്പിന് ബാദ്ധ്യതയുണ്ട്.

എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2022-23 വർഷം വലിയ അളവിൽ സാധന സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുത്ത കാരറുകാർ മുഖേനയാണ് സാധനങ്ങൾ വാങ്ങിയത്. എന്നാൽ കരാറുകാർക്കുള്ള പേമെന്റ് നടത്തിയപ്പോൾ, ചില പ്രവൃത്തികളിൽ, നിയമങ്ങൾ പ്രകാരം ഈടാക്കേണ്ട നികുതികൾ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ, മെറ്റീരിയൽ ഘടകം ഉള്ള എല്ലാ പ്രവൃത്തികളിലും സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള കരാർ എടുത്ത കരാറുകാർക്കുള്ള പേമെന്റുകളിൽ നിന്നും 1% തുക ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് അടച്ചിട്ടില്ല എന്നും കാണുന്നു.

തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019 ലെ സർക്കുലറിലെ നിർദ്ദേശം പാലിച്ച് ജി.എസ്.ടിയും, ആദായ നികുതി നിയമപ്രകാരമുള്ള ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി നിയമപ്രകാരമുള്ള ക്ഷേമനിധി വിഹിതവും കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ജി.എസ്.ടി, ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കാത്ത പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തിയുടെ വിവരം, കരാറുകാരൻ | കരാറുകാരന് നൽകിയ തുക | | | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | ഈടാക്കേണ്ടിയിരുന്ന നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം |
|---|---|---|---|---|---|---|---|
| | | എഫ്.ടി.ഒ നം, തിയതി | | തുക | | | |
| 1 | KALANAD KOMBANPARA KUNNUMAL COLONY ROAD CONCRETE ,WARD 15 (1601003002/RC /308339) Contractor- Muhammed Sirajudeen.M | 161811 | 06/08/22 | 407757.34 | 8155.15 | 4077.57 | 4077.57 |
| 2 | NERAPPANADI VALIYAVALAPP -CONTINUATION- ROAD-CONCRTE , WARD 17 (1601003002/RC /308346) Contractor- Muhammed Sirajudeen.M | 16254 | 16/09/22 | 340848.5 | 6816.97 | 3408.49 | 3408.49 |
| 3 | PARAVANADUKKAM MANIYANGANAM SC COLONY ROAD CONCRETE (CONTINUATION), WARD | 16614 | 11/07/22 | 202021.74 | - | 2020.22 | 2020.22 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 23 (1601003002/RC /308355) Contractor- Muhammed Sirajudeen.M | | | | | | |
| 4 | KOLIYATT MOTTAMAL ROAD FOOTPATH CONCRETE, WARD 23 (1601003002/RC /308358) Contractor- Muhammed Sirajudeen.M | 16263 | 16/09/22 | 75617.68 | - | 756.18 | 756.18 |
| 5 | KUNNARUVATH CORNER ROAD CONCRETE, WARD 18 (1601003002/RC /308370) Contractor- Muhammed Sirajudeen.M | 161539 | 11/08/22 | 391324.22 | 7,826.48 | 3913.24 | 3913.24 |
| 6 | CHATTANKAII KAINOTHKAV FOOTPATH CONCRETE , WARD 17 (1601003002/RC/309877) Contractor- Muhammed Sirajudeen.M | 16215 | 16/09/22 | 266564.95 | 5331.3 | 2665.65 | 2665.65 |
| 7 | NADUVILKUNNU THURUTTHY ROAD CONCRETE, WARD 5 (1601003002/RC /350663) Contractor- Muhammed Sirajudeen.M | 161610 | 23/03/23 | 409020.51 | 8180.41 | 4090.21 | 4090.21 |
| 8 | Aninha Valiya Thodu-Semipermenant Checkdam Reach 1, Ward 12 (1601003002/WC /401738) Contractor- Muhammed Sirajudeen.M | 161616 | 27/03/23 | 85045.15 | - | 850.45 | 850.45 |
| 9 | Construction Of Dining Hall At GUPS Koliyadkam (1601003002/AV /267555) Contractor- Muhammed Sirajudeen.M | 1688 | 21/08/22 | 282662.66 | 5653.25 | 2826.63 | 2826.63 |
| 10 | THAIVALAPP MANUMOOLA ROAD CONCRETE, WARD 22 (1601003002/RC /308352) Contractor- Muhammed Sirajudeen.M | 16326 | 16/09/22 | 378700.86 | 7574.02 | 3787.01 | 3787.01 |
| | ആകെ | | | | 49537.58 | 28395.63 | 28395.63 |

## 1-23 കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ചാർജ്ജ് -ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചത് -അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1) ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ 2022-23 വർഷത്തെ കുടിവെള്ള ചാർജ്ജ് ഇനത്തിൽ പ്രൊജക്ട് നം.4/22-23 പ്രകാരം 4,64,121/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും (ടൈഡ് ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ധനവിനിയോഗ മാർഗ്ഗരേഖ സ.ഉ(കൈ).നം103/2020 തസ്വഭവ തി.30.6.2020 ഖ. 5.3പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ (A)ശുചിത്വം, ഖരമാലിന്യ സംസ്കരണം, ODFപദ്ധതികൾ നിലനിർത്തലും പുതിയവയും, (B) കുടിവെള്ള പ്രൊജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലസംരക്ഷണം, ജലസ്രോതസ്സുകളുടെ പരിപോഷണം എന്നീ മേഖലകളിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അഭ്യർത്ഥനയെ തുടർന്ന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിക്കുന്നത് സംബന്ധിച്ച് ചില ഇളവുകൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ.(സാധ) നം.538/22/LSGD തി.07.03.2022). ഇതനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട നിലവിലെ കുടിവെള്ള കുടിശ്ശിക ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്നും വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)ൽ നിന്നും 2022-23 വർഷം ചെലവഴിച്ച 4,64,121/- രൂപ തൻ വർഷത്തെ കുടിവെള്ള ചാർജ്ജ് ഒടുക്കുന്നതിനാണ് വിനിയോഗിച്ചത്. തൻവർഷം ഒടുക്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബില്ല് നം | തുക |
|---|---|
| XVFC/2022-23/P/43 തീ.4.11.22 | 1.09.008 രൂപ |
| XVFC/2022-23/P/47 തീ.12.12.22 | 54,504 രൂപ |
| XVFC/2022-23/P/44 തീ.5.1.23 | 54,504 രൂപ |
| XVFC/2022-23/P/48 തീ.7.3.23 | 1,09,008 രൂപ |
| XVFC/2022-23/P/82 തീ.27.3.23 | 1,37,097രൂപ |
| ആകെ | 4,64,121 രൂപ |

സ.ഉ.(സാധ) നം.538/22/LSGD തി.07.03.2022 ഉത്തരവിലെ നിർദ്ദേശം പ്രകാരം നിലവിലെ കുടിശ്ശിക തുക ഒടുക്കാൻ അനുമതിയുണ്ടെങ്കിലും പകരം തൻവർഷത്തെ കുടിവെള്ള ചാർജ്ജ് ഒടുക്കാമെന്നത് സംബന്ധിച്ച് ഈ ഉത്തരവിൽ പരാമർശിക്കുന്നില്ല. കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗ മാർഗ്ഗ രേഖയിലും ഇത്തരത്തിൽ തുക വിനിയോഗിക്കാമെന്ന് പരാമർശിച്ചിട്ടില്ല. സർക്കാർ മാർഗ്ഗ രേഖ പാലിക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതിനാൽ ചെലവ് തുക 4,64,121/-/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) കുടിവെള്ളക്കരം ഒടുക്കിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ഓഡിറ്റ് വർഷം വിവിധ മാസങ്ങളിലായി കേരള വാട്ടർ അതോറിറ്റി നല്കിയ ഡിമാന്റ് ബില്ലുകളിൽ തുക അടവാക്കാത്തതിന് പിഴ ചുമത്തിയിട്ടുള്ളതായി കാണുകയുണ്ടായി. എന്നാൽ ഗ്രാമ പഞ്ചായത്ത് ഒട്ടുമിക്കമാസങ്ങളിലും കൃത്യമായി വെള്ളക്കരം ഒടുക്കിയിട്ടുണ്ടെങ്കിലും ഒടുക്കിയ തുക ജല അതോറിറ്റി അധികൃതർ യഥാസമയം വരവിലെടുക്കാത്തതുമൂലമാണ് പിഴ ചുമത്താൻ കാരണമായിട്ടുള്ളത്. ഇക്കാര്യം ജല അതോറിറ്റി അധികൃതരെ രേഖാമൂലം ധരിപ്പിച്ച് ചുമത്തിയ പിഴ സംഖ്യ ഒഴിവാക്കി കിട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ 113 പൊതു ടാപ്പുകൾക്കായി 1,37,097/- രൂപ വീതമാണ് ഗ്രാമ പഞ്ചായത്ത് പ്രതിമാസം വെള്ളക്കരം ഒടുക്കുന്നത്. പ്രതിമാസ വാട്ടർചാർജ്ജിനത്തിൽ ഈ വർഷം മുതൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടാപ്പുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി സംയുക്ത പരിശോധന നടത്തിയിട്ടുള്ളതായി അധികൃതർ വിശദമാക്കിയിട്ടുണ്ടെങ്കിലും പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരം ഒടുക്കുന്ന ടാപ്പുകൾ എല്ലാം പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ കണക്ഷനുകൾ ഉണ്ടെങ്കിൽ കേരള വാട്ടർ അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് അവ ഒഴിവാക്കുവാനും, ആയതുപ്രകാരം പ്രതിമാസ

കുടിവെള്ള ചാർജ്ജ് ക്രമീകരിക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഐ കെ എം വഴി ഓൺലൈനായി അടവാക്കിയ നികുതി തുക- പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറ്റം ചെയ്തിട്ടില്ല.

നികുതിദായകർ ഓൺലൈനായി അടക്കുന്ന നികുതികൾ ക്രഡിറ്റ് ചെയ്യുന്നതിന് എസ് ബി ഐ, പെരുമ്പള ബ്രാഞ്ചിൽ അക്കൗണ്ട് നിലവിലുണ്ട് (അക്കൗണ്ട് നമ്പർ 37049327777). ഈ അക്കൗണ്ടിന്റെ 31.03.2023 ലെ റീക്കൺസിലിയേഷൻ പ്രകാരം 31.03.2023 ന് 17,23,041 രൂപ അക്കൗണ്ടിലേക്ക് ലഭിക്കാൻ ബാക്കിയുണ്ട്. ഇതിൽ 16,51,473 രൂപയും 31.03.2022 വരെയുള്ള കുടിശ്ശികയാണ്. പഞ്ചായത്തിന് ലഭിക്കേണ്ട ഇത്രയും വലിയ തുക ഐ.കെ.എം ന്റെ പേമെന്റ് ഗേറ്റ് വേ സംവിധാനത്തിൽ കുടുങ്ങിക്കിടക്കുകയാണ്. ഈ തുക സംബന്ധിച്ച് നിലവിലെ അവസ്ഥയും തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കാനായി പഞ്ചായത്ത് സ്വീകരിച്ച നടപടികളും വിശദമാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം. 20/03.10.2023).

ഇ-പേമെന്റ് സംവിധാനത്തിനായി 02.11.2022 മുതൽ എസ്.ബി.ഐ, പെരുമ്പള ബ്രാഞ്ചിൽ പുതിയ ഒരു അക്കൗണ്ട് കൂടി ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നമ്പർ 41394845794) . ഈ അക്കൗണ്ടിന്റെ 31.03.2023 ലെ റീക്കൺസിലിയേഷൻ രേഖകൾ പ്രകാരം 31.03.2023 വരെയുള്ള 16,87,177/- രൂപ ഈ അക്കൗണ്ടിലേക്ക് ലഭിക്കാൻ ബാക്കിയുണ്ട്. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ഒരു സാമ്പത്തിക വർഷത്തിൽ രണ്ട് തവണ ആർജിതാവധി സറണ്ടർ ചെയ്തു.

പഞ്ചായത്തിലെ തൊഴിലുറപ്പ് കാര്യാലയത്തിലെ താൽക്കാലിക ജീവനക്കാർക്ക് 2022-23 വർഷത്തേക്ക് താഴെക്കൊടുത്തിരിക്കും വിധം ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും | അനുവദിച്ച തുക | വൗച്ചർ നമ്പർ & തീയ്യതി | പേയ്മെന്റ് ഓർഡർ നമ്പർ |
|---|---|---|---|---|
| 1 | അമൃത ബാലകൃഷ്ണൻ, അക്രഡിറ്റഡ് എഞ്ചിനീയർ | 15730 | 22201365 തീയ്യതി.25.03.2023 | 62240110701374 |
| 2 | മുഹമ്മദ് ഹനീഫ് സി എ, അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് | 12020 | 22201371 തീയ്യതി.25.03.2023 | 62240110701376 |
| 3 | അശോകൻ എ, അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് | 12020 | 22201372 തീയ്യതി.25.03.2023 | 62240110701377 |
| 4 | ശ്രീജ കെ ആർ, അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് | 12020 | 22201368 തീയ്യതി.25.03.2023 | 62240110701378 |

25.02.2023 ലെ സ.ഉ(പി) നം.20/2023/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് 2022-23 വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കാവുന്നതാണെന്ന് തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 21.03.2023 ലെ NREGA/192/2023-D1 നമ്പർ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാർ ജീവനക്കാരുടെ 2021-22 ലെ മാറ്റി വയ്ക്കപ്പെട്ട ലീവ് സറണ്ടറും 2022-23 വർഷത്തെ ലീവ് സറണ്ടറും മേൽ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണെന്ന മഹാത്മാഗാന്ധി എൻ ആർ ഇ ജി എസ് കാസറഗോഡ് പ്രോജക്റ്റ് ഡയറക്ടറുടെ 25.03.2023 ലെ സി-128/18/പി എ യു/കെ എസ് ഡി നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷത്തേക്കുള്ള ആർജിതാവധി സറണ്ടർ അനുവദിക്കണമെന്ന തൊഴിലുറപ്പ് കാര്യാലയത്തിലെ താൽക്കാലിക ജീവനക്കാരുടെ അപേക്ഷയിൻ മേൽ 15 ദിവസത്തേക്ക് വീണ്ടും തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും | തുക | വൗച്ചർ നമ്പർ & തീയ്യതി | പേയ്മെന്റ് ഓർഡർ നമ്പർ |
|---|---|---|---|---|
| 1 | അമൃത ബാലകൃഷ്ണൻ, അക്രഡിറ്റഡ് എഞ്ചിനീയർ | 15730 | 22201526/ 31.03.2023 തുക 63,810/- | 62240110701480 |
| 2 | മുഹമ്മദ് ഹനീഫ് സി എ, അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് | 12020 | | |
| 3 | അശോകൻ എ, അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് | 12020 | | |
| 4 | ശ്രീജ കെ ആർ, അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് | 12020 | | |
| | ആകെ | 51,790/- | | |

മേൽ പട്ടികയിലെ ജീവനക്കാർ ഓഡിറ്റ് വർഷത്തിൽ രണ്ട് തവണ ആർജിതാവധി സറണ്ടർ ഇനത്തിൽ തുക കൈപ്പറ്റി എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. 25.02.2023 ലെ സ.ഉ(പി) നം.20/2023/ധന ഉത്തരവ് പ്രകാരം 2021-22 ലെ മാറ്റി വയ്ക്കപ്പെട്ട ലീവ് സറണ്ടർ നൽകാനുള്ള അനുമതി നൽകിയിട്ടില്ല. പ്രസ്തുത ഉത്തരവിൽ നീട്ടി വയ്ക്കപ്പെട്ട 2022-23 വർഷത്തെ ആർജിതാവധി പിൻവലിക്കാനുള്ള അനുമതി നൽകുക മാത്രമാണ് ചെയ്തത്. ആർജിതാവധി സറണ്ടർ തുക ഒരു സാമ്പത്തിക വർഷത്തിൽ ഒരു തവണ മാത്രമേ അനുവദിക്കാവൂ എന്ന ധനകാര്യ വകുപ്പിന്റെ 20.03.2007 ലെ ജി ഒ(പി) നം.119/2007/ധന ഉത്തരവിന്റേയും 23.08.2017 ലെ 68/2017/ധന സർക്കുലറിന്റേയും വ്യവസ്ഥകൾ ലംഘിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം. 21/03.10.2023). ഈ സാഹചര്യത്തിൽ 2021-22 വർഷത്തെ ആർജിതാവധി സറണ്ടർ ചെലവ് 51,790 രൂപ തടസ്സപ്പെടുത്തുന്നു.

1-26 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് മുൻകൂർ ആയി നൽകിയ തുകകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1 | ചട്ടഞ്ചാൽ മത്സ്യമാർക്കറ്റിൽ കുടിവെള്ള സൗകര്യം ഒരുക്കൽ- തുക കൈമാറൽ, 102/22-23 | 22200752003400767277/ തീ.29.10.2022 | 86,502 | കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 2 | ബെണ്ടിച്ചാൽമൊട്ട അങ്കണവാടിക്ക് കുടിവെള്ള സൗകര്യം- തുക കൈമാറൽ, 103/22-23 | 22200752003400649572/ തീ.15.10.2022 | 93,850 | കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 3 | വിവിധ അങ്കണവാടികൾക്ക് കുടിവെള്ളം ഏർപ്പെടുത്തൽ, 116/22-23 | 22201316/തീ.20.3.2023 | 2,63,892 | കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 4 | തെക്കിൽ വയോജന കേന്ദ്രത്തിന് വൈദ്യുതി, 117/22-23 | 22200665/തീ.15.10.2022 | 39,250 | കെ.എസ്.ഇ.ബി |
| 5 | വൈദ്യുതി ലൈൻ വലിക്കൽ, 381/22-23 | 22201057/തീ.15.10.2022 | 2,49,824 | കെ.എസ്.ഇ.ബി |
| | | 22201276/തീ.15.10.2022 | 46,270 | |
| 6 | ലൈഫ് ഭവന സമുച്ചയത്തിന് വൈദ്യുതി കണക്ഷൻ, 386/22-23 | 22200656/തീ.15.10.2022 | 23,48,427 | കെ.എസ്.ഇ.ബി |
| 7 | ചിൽഡ്രൻസ് പാർക്കിനു സമീപമുള്ള വൈദ്യുത തൂൺ മാറ്റി സ്ഥാപിക്കൽ, 461/22-23 | 22200965/തീ.9.1.2023 | 49,993 | കെ.എസ്.ഇ.ബി |
| 8 | മേൽപ്പറമ്പ അങ്കണവാടിക്ക് വൈദ്യുതി ലൈൻ വലിക്കലും മോട്ടോർ സ്ഥാപിക്കലും, 465/22-23 | 22201241/തീ.8.3.2023 | 26,478 | കെ.എസ്.ഇ.ബി |
| 9 | ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാൾ നിർമ്മാണത്തിന് വിഹിതം നൽകൽ, 488/22-23 | TRY 25/തീ.10.3.2023 | 3,00,000 | DP, കാസർഗോഡ്. |
| 10 | ഐ.കെ.എം ഷെയർ, 239/22-23 | 22200752003401113378/ തീ.30.1.2023 | 1,43,070 | IKM, തിരുവനന്തപുരം |
| ആകെ | | | 36,47,556 | |

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ അതാത് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽ പ്രകാരമുള്ള 36,47,556/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 എം.സി.എഫിൽ നിന്നുള്ള അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ പദ്ധതിയിലെ അപാകത

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേന മുഖേന ശേഖരിച്ച മാലിന്യങ്ങൾ നീക്കം ചെയ്തതിന് 22,99,360 രൂപ കേന്ദ്രധനകാര്യ

കമ്മീഷൻ വിഹിതത്തിൽ നിന്നും ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ എൽ എൽ പി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പാഴ്മാലിന്യം കയറ്റി അയക്കുന്നതിനായി ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ എൽ എൽ പി എന്ന സ്ഥാപനവുമായി ചമച്ച കരാർ പ്രകാരം കയറ്റികൊണ്ട് പോകുന്ന ആകെ മാലിന്യങ്ങളുടെ അളവിന്റെ 80% പുന:ചംക്രമണ യോഗ്യമല്ലാത്തതും വിറ്റഴിക്കാൻ കഴിയാത്തതുമായ മാലിന്യമായി കണക്കാക്കി കിലോഗ്രാമിന് 8 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്ത് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷന് നല്കാനും പുനരുപയോഗം സാധിക്കുന്ന 20%-ത്തിന് കിലോ 5 രൂപ നിരക്കിൽ ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ എൽ എൽ പി ഗ്രാമപഞ്ചായത്തിനു നല്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കരാർ വ്യവസ്ഥ പാലിക്കാതെ തുക അനുവദിച്ചതുമൂലം 4,59,872/-രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഈ റിപ്പോർട്ടിൽ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കരാർ പ്രകാരം പുനരുപയോഗം സാധിക്കുന്ന 20% -ത്തിന് കിലോ 5 രൂപ നിരക്കിലുള്ള തുക ഭാഗികമായി മാത്രമേ ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻ ഗ്രാമപഞ്ചായത്തിന് നല്കിയതായി കാണുന്നുള്ളൂ. ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഈ റിപ്പോർട്ടിൽ ഖണ്ഡിക 2-1 ആയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28 തെരുവ് വിളക്കിന്റെ വൈദ്യുതി ബിൽ - കുടിശ്ശിക അടവാക്കിയതിന്റെ കാരണം വ്യക്തമാക്കിയില്ല.

തെരുവ് വിളക്കിന്റെ വൈദ്യുതി ബില്ലിനത്തിൽ അടവാക്കിയ താഴെക്കൊടുത്തിരിക്കുന്ന തുകയിൽ 67,113/- രൂപ കുടിശ്ശികയിനത്തിൽ അടവാക്കിയ തുകയാണ്.

| വൗച്ചർ നമ്പർ & തീയ്യതി | പേയ്മെന്റ് ഓർഡർ നമ്പർ | തുക | ചെലവിനം | തുക അടവാക്കിയ വിവരം |
|---|---|---|---|---|
| 22200002/ 13.04.2022 | 62240110700005 | 1,33,896 | തെരുവ് വിളക്കിന്റെ വൈദ്യുതി ബിൽ (66783+67113) | കെ എസ് ഇ ബി രശീത് നമ്പർ -1166922003644/ 13.04.2022 |

പ്രസ്തുത കുടിശ്ശികയുടെ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 24/03.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുകയായ 1,33,896/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-29 തെരുവ് വിളക്കിന്റെ വൈദ്യുതി ബില്ലുകൾ ലഭ്യമാക്കിയില്ല.

വൈദ്യുതി ബില്ലുകൾ അടവാക്കിയതിന് താഴെക്കൊടുത്തിരിക്കുന്ന വൗച്ചർ പ്രകാരം 6493/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആകെ 5572/- രൂപയുടെ വൈദ്യുതി ബില്ലുകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ.

| വൗച്ചർ നമ്പർ & തീയ്യതി | പേയ്മെന്റ് ഓർഡർ നമ്പർ | തുക | ചെലവിനം | തുക അടവാക്കിയ വിവരം (കെ എസ് ഇ ബി രശീത് നമ്പർ & തുക) | |
|---|---|---|---|---|---|
| 22200005/ 13.04.2022 | 62240110700004 | 6493/- | തെരുവ് വിളക്കിന്റെ വൈദ്യുതി ബിൽ | 66920220413102093/ 13.04.2022 | 657 |
| | | | | 66920220413102094/ 13.04.2022 | 264 |
| | | | | 66920220413102095/ | 1244 |

| | | |
|---|---|---|
| | 13.04.2022 | |
| | 66920220413102096/ 13.04.2022 | 141 |
| | 66920220413102097/ 13.04.2022 | 58 |
| | 66920220413102098/ 13.04.2022 | 656 |
| | 66920220413102099/ 13.04.2022 | 514 |
| | 66920220413102100/ 13.04.2022 | 135 |
| | 66920220413102091/ 13.04.2022 | 1515 |
| | 66920220413102092/ 13.04.2022 | 329 |
| | 66920220413102101/ 13.04.2022 | 59 |
| | ആകെ | 5572/- |

വൈദ്യുതി ബിൽ മുഴുവനായും ഹാജരാക്കാത്തതിനാൽ അധികം ചെലവഴിച്ച 921/- (6493-5572) രൂപ തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 24/03.10.2023)

1-30 മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 238 പ്രകാരം അപായകരമായ രീതിയിൽ വളർന്ന മരങ്ങൾ മുറിച്ച് മാറ്റിയതിന് താഴെക്കൊടുത്തിരിക്കും വിധം തുകകൾ നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ & തീയ്യതി | കൂലിയിനത്തിൽ നൽകിയ തുക | പേയ്മെന്റ് ഓർഡർ നമ്പർ | മരം സ്ഥിതി ചെയ്തിരുന്ന സ്ഥലം |
|---|---|---|---|
| 22200685/ 27.10.2022 | 15790/- | 62240110700708 | ബഡ്സ് റീഹാബിലിറ്റേഷൻ കെട്ടിട കോമ്പൗണ്ട് ( വാർഡ് നമ്പർ 23) |
| 22200842/ 01.12.2022 | 14850/- | 62240110700785 | പുത്തരിയടുക്കം അങ്കണവാടി കോമ്പൗണ്ട്(വാർഡ് നമ്പർ 8) |
| 22200926/ 31.12.2022 | 11868/- | 62240110700933 | പറമ്പ അങ്കണവാടി (വാർഡ് നമ്പർ 9) |
| ആകെ | 42,508/- | | |

എന്നാൽ മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ലേല നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും ആയത്

ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം. 24/03.10.2023). ഇക്കാരണത്താൽ ചെലവ് തുകയായ 42,508/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-31 പോഷകവാടി പദ്ധതി സംബന്ധിച്ച് അപാകതകൾ

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 306/23 -പോഷകവാടി |
| അടങ്കൽ തുക | തനത് ഫണ്ട് - 22000/-<br>ബ്ലോക്ക് പഞ്ചായത്ത് - 11000/-<br>ജില്ലാ പഞ്ചായത്ത് - 22000/- |
| ചെലവ് തുക<br>തനത് ഫണ്ട് - 22000/-<br>ബ്ലോക്ക് പഞ്ചായത്ത് - 11000/-<br>ജില്ലാ പഞ്ചായത്ത് - 22000/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| ബിൽ റഫറൻസ് നമ്പർ | തീയതി | തുക |
|---|---|---|
| 22200752012801436090 | 22/03/2023 | 22000/- |
| 22200752012801436059 | 22/03/2023 | 11000/- |
| ചെക്ക് നം.0972727 | 25/03/2023 | 22000/- |

പഞ്ചായത്ത് അംഗീകരിച്ച അങ്കണവാടികൾക്ക് 100 ശതമാനം സബ്സിഡിയിൽ ഓരോ അങ്കണവാടിയിലും നടീൽ മിശ്രിതം നിറച്ച 10 ഇഞ്ച് വ്യാസമുള്ള 20 എണ്ണം വീതം മൺചട്ടികളും, വെണ്ട, മുളക്, തക്കാളി, വഴുതന തുടങ്ങിയ പച്ചക്കറി തൈകളും നൽകുന്നതിനും പച്ചക്കറി ചെടികളുടെ വളർച്ചക്കാവശ്യമായ മൂലകങ്ങൾ ഫലപ്രദമായി ലഭ്യമാക്കുന്നതിനായി നൂതന സാങ്കേതികവിദ്യയിലൂടെ തയ്യാറാക്കിയ ന്യൂട്രിസ്റ്റിക്കിന്റെ ഉപയോഗം ഉൾപ്പെടുത്തി ഒരു ചെടിക്ക് വളർച്ചാഘട്ടത്തിൽ 2 വീതം ന്യൂട്രിസ്റ്റിക്കുകളും ജലസേചനം ഫലപ്രദമാക്കുന്നതിന് കണികാ ജലസേചനവും നടപ്പിലാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതി നടത്തിപ്പിനായി റെയഡ്കോ യിൽ നിന്ന് ജലസേചന കിറ്റുകളും സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിൽ നിന്നും ചെടിച്ചട്ടികൾ, വിത്തുകൾ, തൈകൾ, ജൈവ കീട നാശിനികൾ തുടങ്ങിയ സാമഗ്രികളും വാങ്ങിയിട്ടുണ്ട്. ഇതിനായി മേൽ വിവരിച്ച പ്രകാരം 55,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ പറയുന്നു.

1) ഏതൊക്കെ അങ്കണവാടികളിലാണ് പോഷകവാടി പദ്ധതി നടപ്പിലാക്കിയത് എന്നത് സംബന്ധിച്ച വിവരങ്ങളും മേൽ പരാമർശിച്ച പ്രകാരം വാങ്ങിയ സാധനസാമഗ്രികൾ ഏതൊക്കെ അങ്കണവാടികൾക്കാണ് വിതരണം ചെയ്തത് എന്ന വിവരവും ഫയലിൽ ഇല്ല.

2) പദ്ധതിയിൽ നിർമിക്കപ്പെടുന്ന പോഷകവാടികളുടെ തുടർ പരിപാലനം എങ്ങനെയെന്ന് പദ്ധതിയിൽ വ്യക്തമാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/22-23 തീയതി 30-09-2023) മറുപടി നൽകിയിട്ടില്ല. ആയതിനാൽ പ്രോജക്ടിനായി ചെലവു ചെയ്ത 55,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, |
| പ്രോജക്ട് നം. | S0091/23 |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ) - 6,25,000/-<br>മറ്റുള്ളവ – 6,25,000/- |
| ചെലവ് തുക | വികസന ഫണ്ട് (ജനറൽ) -6,25,000/- |
| ബിൽ റഫറൻസ് നമ്പർ, തീയതി | 2220075201290136843‌9 തീയ്യതി.15.03.2023, Rs.6,25,000/- |

ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗ്രാമസഭ തെരഞ്ഞെടുത്ത കർഷകരുടെ 4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് ശാസ്ത്രീയമായ അളവിൽ കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. കന്നുകുട്ടികൾക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുകയും പദ്ധതി കാലയളവ് തീരുന്നതുവരെ ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു. തിരഞ്ഞെടുത്ത 50 ഗുണ ഭോക്താക്കൾക്ക് ക്ഷീര സഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. പ്രസ്തുത പദ്ധതി നിർവഹണത്തിനായി മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 6,25,000/-രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (TSB A/c No.720011400000025). എന്നാൽ ഫയലിൽ പദ്ധതിയുടെ പൂർത്തീകരണ വിവരമോ/വിനിയോഗ സാക്ഷ്യപത്രമോ ഉൾകൊള്ളിച്ചില്ല. ഇത് സംബന്ധിച്ച് 25.09.2023 ന് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി തീരുന്ന മുറയ്ക്ക് പൂർത്തീകരണ റിപ്പോർട്ട് നൽകാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതി പൂർത്തീകരിച്ച്, വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 6,25,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 പോത്തുകുട്ടി വിതരണം നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, |
| പ്രോജക്ട് നം. | S0363/23 |
| പ്രോജക്ടിന്റെ പേര് | പോത്തുകുട്ടി വിതരണം |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ) - 7,60,000/-<br>മറ്റുള്ളവ – 7,60,000/- |
| ചെലവ് തുക | വികസന ഫണ്ട് (ജനറൽ) - 3,50,000/- |
| ബിൽ റഫറൻസ് നമ്പർ, തീയതി | 222007520129011551‌08, തീയ്യതി.06.02.2023, Rs.60,000/- |
| | 222007520129011761‌36, തീയ്യതി.10.02.2023, Rs.1,20,000/- |
| | 222007520129013953‌13 തീയ്യതി.17.03.2023, Rs.50,000/- |
| | 222007520129012548‌63 തീയ്യതി.24.02.2023, Rs.1,20,000/- |

ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ 2022-23വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പോത്തുകുട്ടി വിതരണം (പ്രോജക്ട്.നം.S0363/23) എന്ന പദ്ധതി പ്രകാരം 6-8 മാസം പ്രായമുള്ള പോത്ത് കുട്ടിയെ 50 % സബ്സിഡിയിൽ ലഭ്യമാക്കുന്നതാണ് പദ്ധതി. പരമാവധി സബ്സിഡി തുക 10,000/-രൂപയാണ്. മേൽ ബില്ലുകൾ പ്രകാരം പോത്ത് കുട്ടികൾ വാങ്ങുന്നതിനായി 50 % സബ്സിഡി തുകയായ 10,000/-രൂപ വീതം 35 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) 28.05.22 ലെ സ.ഉ (കൈ) നം. 115/2022/തസ്വഭവ നമ്പർ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3.33 പൊതു നിർദ്ദേശത്തിലെ ഉപ ഖണ്ഡിക 4 പ്രകാരം ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത്. എന്നാൽ ഈ പദ്ധതിയിൽ 50 % സബ്സിഡി തുകയായ 10,000/-രൂപ വീതം 35 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് വിതരണം ചെയ്തിട്ടുള്ളത്. പോത്തുകുട്ടിയെ വിറ്റ വ്യക്തികളുടെ അക്കൗണ്ടിലേക്ക് തുക നൽകുന്നതിന് പകരം പോത്ത്കുട്ടിയെ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത്.

പദ്ധതി പ്രകാരം സബ്സിഡി തുക കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ബിൽ റഫറൻസ് നമ്പർ , തീയ്യതി | സബ്സിഡി തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | കൈപ്പറ്റിയ സബ്സിഡി തുക @Rs.10,000/ |
|---|---|---|---|
| 1 | 222007520129011551O8, തീയ്യതി.06.02.2023 | 6 | Rs.60,000/- |
| 2 | 222007520129011761 36, തീയ്യതി.10.02.2023 | 12 | Rs.1,20,000/- |
| 3 | 222007520129013 95313 തീയ്യതി.17.03.2023 | 5 | Rs.50,000/- |
| 4 | 222007520129012 54863 തീയ്യതി.24.02.2023 | 12 | Rs.1,20,000/- |
| | ആകെ | 35 | Rs. 3,50,000/- |

ഇത് സംബന്ധിച്ച് 26.09.2023 ന് നൽകിയ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെയും, പഞ്ചായത്ത് ഭരണ സമിതിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് സബ്സിഡി തുക അനുവദിക്കാമെന്നുള്ള ജില്ലാ ആസൂത്രണ സമിതിയുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും തീരുമാനങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ജില്ലാ ആസൂത്രണ സമിതിയുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും തീരുമാനങ്ങൾ ലഭ്യമാക്കുന്നതുവരെ 3,50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 ടിബി രോഗികൾക്ക് പോഷകാഹാരം-അപാകത

| | |
|---|---|
| പ്രോജക്ട് നം. | 366/23 |
| പ്രോജക്ടിന്റെ പേര് | ടിബി രോഗികൾക്ക് പോഷകാഹാരം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ് എച്ച്സി |
| അടങ്കൽ | 2,00,000 രൂപ (തനതുഫണ്ട്) |
| ചെലവ് | 2,00,000 രൂപ |
| ചെക്ക് നം.&തുക | 1)0244224 തീയതി.22.08-2022 ബിൽ തുക 20,000രൂപ<br>2)0244244 തീയതി. 28.10.2022 ബിൽ തുക 44,002 രൂപ<br>3)0244252 തീയതി. 14.11.2022 ബിൽ തുക 40,013 രൂപ<br>4)0244244 തീയതി. 28.10.2022 ബിൽ തുക 41,013 രൂപ |

| | |
|---|---|
| | 5)0244268 തീയതി. 05.01.2023 ബിൽ തുക 38,005 രൂപ<br>6)0244265 തീയതി 30.12.2022 ബിൽ തുക 16,967 രൂപ |

മേൽ പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ക്ഷയരോഗികൾക്ക് 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള മാസങ്ങളിലായി ഭക്ഷണകിറ്റ് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കളുടെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗുണഭോക്താക്കളുടെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ചെലവു തുകയായ 2,00,000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.18/22-23 തീയതി 30-09-2023).

1-35 പെണ്ണാട് വിതരണം (വനിത)- അപാകതകൾ.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, |
| പ്രോജക്റ്റ് നം. | S0364/23 |
| പ്രോജക്റ്റിന്റെ പേര് | പെണ്ണാട് വിതരണം- വനിത |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ) - 6,40,000/-<br>മറ്റുള്ളവ – 6,40,000/- |
| ചെലവ് തുക | വികസന ഫണ്ട് (ജനറൽ) - 6,40,000/- |
| ബിൽ റഫറൻസ് നമ്പർ, തീയതി | 2220075201290l176132, തീയ്യതി.10.02.2023, Rs.72,000/- |
| | 22200752012901261202, തീയ്യതി.27.02.2023, Rs.56,000/- |
| | 22200752012901182464, തീയ്യതി.13.02.2023, Rs.1,28,000/- |
| | 22200752012901368420, തീയ്യതി.15.03.2023, Rs.1,04,000/- |
| | 222007520129012544864, തീയ്യതി.23.02.2023, Rs.1,04,000/- |
| | 22200752012901395330, തീയ്യതി.17.03.2023, Rs.64,000/- |
| | 22200752012901261201, തീയ്യതി.27.02.2023, Rs.1,12,000/- |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ഈ പദ്ധതി പ്രകാരം 6-8 മാസമെങ്കിലും പ്രായമുള്ളതും, 12 കിലോഗ്രാമെങ്കിലും ഭാരമുള്ളതുമായ പെണ്ണാടിനെ 50 % സബ്സിഡിയിൽ ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടത്. സ.ഉ.(കൈ) നം.115/2022/LSGD, 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3(3) പ്രകാരം 50 % സബ്സിഡി അനുവദിക്കാം. 04.06.2022 ലെ വികേന്ദ്രീകാസൂത്രണ പദ്ധതികളുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ പ്രകാരം ഒരു ആടിന്റെ വില 8,000/-രൂപയായി നിശ്ചയിച്ചിട്ടുണ്ട് ആയത് പ്രകാരം 50 % സബ്സിഡി തുകയായ 4,000/-രൂപ അനുവദിക്കാം. ( പരമാവധി അഞ്ച് ആടുകൾ വരെ ഒരു ഗുണഭോക്താവിന് നൽകാം ) മേൽ ബില്ലുകൾ പ്രകാരം 80 ഗുണഭോക്താക്കൾക്ക് 2 പെണ്ണാടുകളെ വാങ്ങുന്നതിനായി 50 % സബ്സിഡി തുകയായ 8,000/-രൂപ വീതം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകത താഴെ ചേർക്കുന്നു.

28.05.22 ലെ സ.ഉ (കൈ) നം. 115/2022/തസ്വഭവ നമ്പർ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3.33 പൊതു നിർദ്ദേശത്തിലെ ഉപ ഖണ്ഡിക 4 പ്രകാരം ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് സബ്സിഡി നൽകേണ്ടത്. എന്നാൽ ഈ പദ്ധതിയിൽ 2 ആട്ടുകൾ വാങ്ങിയതിന്റെ 50 % സബ്സിഡി തുകയായ 8,000/-രൂപ ( ഒരു ആടിന്റെ സബ്സിഡി തുക 4,000/-) വീതം 80 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് വിതരണം ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പെണ്ണാടിനെ വിറ്റ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക നൽകുന്നതിന് പകരം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് സബ്സിഡി തുക അനുവദിച്ചത്.

പദ്ധതി പ്രകാരം സബ്സിഡി തുക കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ബിൽ റഫറൻസ് നമ്പർ , തീയ്യതി | സബ്സിഡി തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | കൈപ്പറ്റിയ സബ്സിഡി തുക @Rs.8,000/ |
|---|---|---|---|
| 1 | 22200752012901176132, തീയ്യതി.10.02.2023 | 9 | Rs.72,000/- |
| 2 | 22200752012901261202, തീയ്യതി.27.02.2023 | 7 | Rs.56,000/- |
| 3 | 22200752012901182464, തീയ്യതി.13.02.2023 | 16 | Rs.1,28,000/- |
| 4 | 22200752012901368420, തീയ്യതി.15.03.2023 | 13 | Rs.1,04,000/- |
| 5 | 222007520129012544864, തീയ്യതി.23.02.2023 | 13 | Rs.1,04,000/- |
| 6 | 22200752012901395330, തീയ്യതി.17.03.2023 | 8 | Rs.64,,000/- |
| 7 | 22200752012901261201, തീയ്യതി.27.02.2023 | 14 | Rs.1,12,000/- |
| | ആകെ | 80 | Rs. 6,40,000/- |

ഇത് സംബന്ധിച്ച് 26.09.2023 ന് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെയും, പഞ്ചായത്ത് ഭരണ സമിതിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് സബ്സിഡി നൽകണമെന്നുള്ള ജില്ലാ ആസൂത്രണ സമിതിയുടെയും പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
പ്രോജക്റ്റ് നിർവഹണത്തിൽ മാർഗരേഖകളുടെ ലംഘനം സംഭവിച്ചതിനാൽ ചെലവു തുക 6,40,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്റ്റ് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.2019 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി ഡി എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം. ഡി.എ1/87/2019/ തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3

